# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വടവുക്കോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(P1)1668/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 13/12/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(P1)1668/2023 തീയ്യതി: 13/12/2023

## എറണാകുളം ജില്ലയിലെ വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 20-10-2023 | 31-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-10-2023 | 31-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

കുമാരി സാലി ജോസഫ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി ശ്രീജ ഉണ്ണികൃഷ്ണൻ, ഓഡിറ്റ് ഓഫീസർ
ശ്രീ ജോസഫ് ജോർജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
കുമാരി മേഴ്സി കെ.പി.,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ അനീഷ് ടി.എസ്.,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി. സോണിയ മുരുകേശൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ പ്രസാദ് പി എൻ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ബിജു ബേബി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ. സന്തോഷ്.കെ.എൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ മനോജ് ജോസഫ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ആഷാ പോൾ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ സുബിൻ കൃഷ്ണൻ ടി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ.ബിന്ദു.എസ്.ഭാസ്കരൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 14-06-2022 |
| ഡോ. ടി സിജി അബ്രാഹം | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 15-06-2022 | 31-03-2023 |
| ഡോ. സിനി ഡാനിയേൽ | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2022 | 25-05-2022 |
| ഡോ. ജയൻ എ എ | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 26-05-2022 | 26-06-2022 |
| ഡോ. സിനി ഡാനിയേൽ | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 27-06-2022 | 31-07-2022 |
| ഡോ. വിനോദ് പൗലോസ് | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-08-2022 | 31-03-2023 |
| ശ്രീമതി സുനിത സുരേന്ദ്രൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 15-01-2023 |
| ശ്രീമതി ധന്യ ഗോപാലകൃഷ്ണൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 16-01-2023 | 31-03-2023 |
| ശ്രീമതി. ടെസ്സ് ടെരിറ്റ മേരി | വി.ഇ.ഒ., അമ്പലമേട് | 01-04-2022 | 31-03-2023 |
| ശ്രീമതി. മഞ്ജുഷ | വി.ഇ.ഒ.,പുത്തൻകുരിശ് | 01-04-2022 | 24-04-2022 |
| ശ്രീമതി. നിഷ | വി.ഇ.ഒ.,പുത്തൻകുരിശ് | 25-04-2022 | 24-08-2022 |
| ശ്രീമതി. സോബി തോമസ് | വി.ഇ.ഒ.,പുത്തൻകുരിശ് | 25-08-2022 | 31-03-2023 |
| ശ്രീമതി. നക്ഷത്രവല്ലി | ഹെഡ്മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല | 1-1-2 |
| 4 | LIFE State Share ചെലവ് തുകയിൽ വ്യത്യാസം | 1-1-3 |
| 5 | അമൃതകുടീരം ഭവന ലോൺ ചെലവഴിച്ചില്ല | 1-1-4 |
| 6 | CSR ഫണ്ട് മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ കൃത്യമല്ല | 1-1-5 |
| 7 | CSR ഫണ്ട് വരവു തുക തെറ്റായി ക്രഡിറ്റ് ചെയ്തു | 1-1-6 |
| 8 | വസ്തു നികുതി സഞ്ചയ കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമ പദ്ധതികൾ | 1-7 |
| 15 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 18 | തനത് വരുമാന അവലോകനം | 1-11 |
| 19 | കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു | 1-12 |
| 20 | വസ്തുനികുതി നിർണ്ണയം അപാകത | 1-13 |
| 21 | സ്ഥാപന തൊഴിൽ നികുതി | 1-14 |
| 22 | തൊഴിൽ നികുതി കുറവായി അടവാക്കി | 1-15 |
| 23 | ജീവനക്കാരുടെ തൊഴിൽനികുതി | 1-16 |
| 24 | കരാറുകാരുടെ തൊഴിൽ നികുതി | 1-17 |
| 25 | എഫ്.ടി.ഇ. & ഒ.എസ്. ലൈസൻസ് | 1-18 |
| 26 | വാടക കരാർ | 1-19 |
| 27 | സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ | 1-20 |
| 28 | വാടക കുടിശ്ശിക | 1-21 |
| 29 | ദുരിതാശ്വാസ നിധി - പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല. | 1-22 |

| | | |
|---|---|---|
| 30 | തനത് ഫണ്ട് ചെലവുകൾ | 1-23 |
| 31 | പ്രോജക്റ്റ് തയ്യാറാക്കാതെ തുക ചെലവഴിക്കുന്നു | 1-24 |
| 32 | സി.എച്ച്.സി. മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-25 |
| 33 | ചെലവു രേഖകൾ ഹാജരാക്കിയില്ല | 1-26 |
| 34 | ഒരിക്കൽ ആനുകൂല്യം കൈപ്പറ്റിയവർ വീണ്ടും തുക കൈപ്പറ്റുന്നു - അപാകത ഒഴിവാക്കുന്നതിന് ഫലവത്തായ ക്രമീകരണങ്ങളില്ല. | 1-27 |
| 35 | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - പ്രാവർത്തികമാകുന്നില്ല | 1-28 |
| 36 | ഭവന പദ്ധതി പ്രകാരം നിർമ്മിച്ച വീടുകൾക്ക് Unauthorised (U/A)കെട്ടിട നമ്പർ | 1-29 |
| 37 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-30 |
| 38 | മൺ ചട്ടിയിൽ പച്ചക്കറിതൈ വിതരണം - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ നിർവഹണം, അധികച്ചെലവ്. | 1-31 |
| 39 | സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ - സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല | 1-32 |
| 40 | വാറന്റി കാലയളവിനുള്ളിൽ തെരുവു വിളക്ക് പരിപാലനത്തിനായി തുക ചെലവഴിച്ചു - അപാകതകൾ | 1-33 |
| 41 | ദിശ വിദ്യാഭ്യാസ പദ്ധതി- -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-34 |
| 42 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ - സാമൂഹ്യനീതി വകുപ്പിൽ നിന്നുമുള്ള അംഗീകാരം ലഭിച്ചിട്ടില്ല - മറ്റ് പരാമർശങ്ങൾ | 1-35 |
| 43 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ - ഡ്രൈവർക്ക് വാഹനവാടക ഇനത്തിൽ തുക അധികം നൽകി | 1-35-1 |
| 44 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ - ടീച്ചർ, ആയ നിയമനം - അപാകതകൾ | 1-35-2 |
| 45 | കെട്ടിടങ്ങൾ ഉപയോഗിക്കാതെ പ്ലാസ്റ്റിക് മാലിന്യം നിറച്ച ചാക്കുകൾ സൂക്ഷിക്കാൻ ഉപയോഗിച്ചിരിക്കുന്നു - മിനി എം.സി.എഫ്-കൾ വാർഡുകളിൽ സ്ഥാപിച്ചിട്ടില്ല | 1-36 |
| 46 | വടയമ്പാത്തുമല പാർക്കിന്റെയും വാച്ച് ടവറിന്റെയും നിർമ്മാണം-വൻ തുക മുടക്കിയിട്ടും പദ്ധതി ലക്ഷ്യം നേടിയില്ല | 1-37 |
| 47 | വൈദ്യുതി കണക്ഷൻ ഇല്ലാത്ത കെട്ടിടത്തിൽ സൗണ്ട് സിസ്റ്റം സ്ഥാപിച്ചു - തുക തടസപ്പെടുത്തുന്നു | 1-38 |
| 48 | റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് - പ്രവൃത്തി നടപ്പാക്കിയിട്ടില്ല | 1-39 |
| 49 | ജനകീയ ഹോട്ടലിന് പാത്രങ്ങൾ വാങ്ങി നൽകിയത് - ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-40 |
| 50 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-41 |
| 51 | ഇ-ടെണ്ടർ ഫീസ് ലഭിച്ച തുക ഗ്രാമപഞ്ചായത്തിന് ഇതുവരെ തിരികെ ലഭ്യമായിട്ടില്ല. | 1-42 |
| 52 | ഇ-ടെണ്ടർ ഫീസ് ലഭിക്കുന്ന തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് യഥാസമയം ട്രാൻസ്ഫർ ചെയ്യുന്നില്ല - പലിശയിനത്തിൽ വരുമാനനഷ്ടം. | 1-43 |

| | | |
|---|---|---|
| 53 | അമൃതകുടീരം ലൈഫ് ഭവനപദ്ധതി - നടത്തിപ്പിൽ വന്ന അപാകങ്ങൾ | 1-44 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ -ഡ്രൈവർക്ക് വാഹനവാടക ഇനത്തിൽ തുക അധികം നൽകി | 3-1 |
| 2 | മൺ ചട്ടിയിൽ പച്ചക്കറിതൈ വിതരണം - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ നിർവ്വഹണം, അധികച്ചെലവ് | 3-2 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ. | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 07.07.2023 ലെ 1-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 13.7.2023 -ാം തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കാക്കനാട്

തീയതി : 13.12.2 023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്).

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -4678111/-രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 215275455/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-3 LIFE State Share ചെലവ് തുകയിൽ വ്യത്യാസം

LIFE State Share ചെലവായി വാർഷിക ധനകാര്യ പത്രികയിൽ 17,00,000/- രൂപയാണ്. എന്നാൽ ചെലവ്

രേഖയിൽ 16,00,000/- രൂപയാണ് ചെലവുള്ളത്. വ്യത്യാസം വ്യക്തമാക്കേണ്ടതാണ്.

### 1-1-4 അമൃതകുടീരം ഭവന ലോൺ ചെലവഴിച്ചില്ല

അക്കൗണ്ട് നം. 338801010037237-UBI എന്ന ബാങ്ക് അക്കൗണ്ടിൽ അമൃതകുടീരം ഭവന ലോൺ ഇനത്തിൽ ലഭിച്ച തുകയിൽ 94,00,000/- രൂപ ചെലവഴിക്കുവാൻ ബാക്കിയുണ്ട്.

### 1-1-5 CSR ഫണ്ട് മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ കൃത്യമല്ല

വാർഷിക ധനകാര്യ പത്രികയിൽ CSR ഫണ്ട് മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ കൃത്യമല്ല. I-6 ലെ തുകയും ട്രയൽ ബാലൻസിൽ രേഖപ്പെടുത്തിയ തുകകളും പൊരുത്തപ്പെടുന്നില്ല (ഹെഡ് ഓഫ് അക്കൗണ്ട്-320200399).

### 1-1-6 CSR ഫണ്ട് വരവു തുക തെറ്റായി ക്രഡിറ്റ് ചെയ്തു

CSR ഫണ്ടായി ലഭിച്ച 16,00,000/-രൂപ വാർഷിക ധനകാര്യ പത്രികയിലെ 320200307 എന്ന Head Of Account (MLA Fund) ലാണ് ക്രഡിറ്റ് ചെയ്തിരിക്കുന്നത്.

### 1-1-7 വസ്തു നികുതി സഞ്ചയ കണക്കുമായി പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ്, ബാലൻസ് തുകകൾ സഞ്ചയ ഡി.സി.ബി. സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 25.3.2022 ലെ 1ാംനമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 2022-23 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| ബജറ്റ് | |
|---|---|
| മുന്നിരിപ്പ് | ₹4,13,09,537.00 |
| വരവ് | ₹27,19,09,500.00 |
| ആകെ | ₹31,32,19,037.00 |
| ചെലവ് | ₹30,92,32,200.00 |
| നീക്കിയിരിപ്പ് | ₹39,86,837.00 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരുപ്പ് | ₹6,38,92,350 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹10,08,10,908 |
| ആകെ | ₹16,47,03,258 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹10,54,89,019 |
| നീക്കിയിരുപ്പ് | ₹5,92,14,239 |

ഓഡിറ്റ് വർഷത്തെ ആകെ വരവ് ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രകയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നി | അലോ | ആകെ | ചെലവ് | ബാങ്ക് | ലാപ് |
|---|---|---|---|---|---|---|

| | രിപ്പ് | ട്ട്മെന്റ് പ്രകാരം വരവ് | | | നീക്കി യിരിപ്പ് | സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ)* | 0 | 1,18,14,834 | 1,18,14,834 | 1,16,04,967 | 0 | 2,09,867 |
| വികസന ഫണ്ട്** (എസ്.സി.പി) | 0 | 1,06,99,376 | 1,06,99,376 | 98,85,846 | 0 | 8,13,530 |
| വികസനഫണ്ട്*** (ടി.എസ്.പി) | 0 | 1,00,717 | 1,00,717 | 91,930 | 0 | 8,787 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 1,19,22,000 | 1,19,22,000 | 1,01,81,025 | 0 | 17,40,975 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്) | 0 | 50,04,000 | 50,04,000 | 50,04,000 | 0 | 0 |
| സി.എഫ്.സി ഗ്രാന്റ് (കൺസോളിഡേറ്റഡ് ഫണ്ട്) | 0 | 14,32,020 | 14,32,020 | 14,32,020 | 0 | 0 |
| സി.എഫ്.സി -പെർഫോർമൻസ് ഗ്രാന്റ് (കൺസോളിഡേറ്റഡ് ഫണ്ട്) | 0 | 4,31,239 | 4,31,239 | 4,31,239 | 0 | 0 |
| സി.എഫ്.സി – ബേസിക്ക് അൺടൈഡ് ഗ്രാന്റ് **** | 4,55,541 | 26,09,081 | 30,64,622 | 28,14,423 | 2,50,199 | |
| സി.എഫ്.സി – ടൈഡ് ഗ്രാന്റ്**** | 18,68,661 | 37,69,000 | 56,37,661 | 35,87,928 | 20,49,733 | |
| ഐ.സി.ഡി.എസ്- കേന്ദ്ര വിഹിതം 320100121 | 11,69,563.83 | 23,63,002 | 35,32,565.83 | 3,87,736 | 31,44,829.83 | |
| വിമുക്തി 320100299 | 5,915 | 0 | 5,915 | 5,915 | 0 | |
| ശുചിത്വ മിഷൻ ഫണ്ട് 320200322 | 31,17,820 | 5,60,000 | 36,77,820 | 10,46,133 | 26,31,687 | |
| ലൈബ്രറി ഗ്രാന്റ് 320200308 | 26,060 | 31,400 | 57,460 | 38,030 | 19,430 | |
| സാക്ഷരത 320200309 | 1,70,966 | 4,858 | 1,75,824 | 0 | 1,75,824 | |
| സി.എസ്.ആർ.ഫണ്ട്- ബി.പി.സി.എൽ കൊച്ചി റിഫൈനറി 320200399 (*****) | 1,34,29,326 | 1,42,29,927 | 2,76,59,253 | 2,50,79,705 | 25,79,548 | |
| സി.എസ്.ആർ.ഫണ്ട്- ഫിലിപ്സ് കാർബൺ കമ്പനി(320800199) | 21,39,574 | 10,00,000 | 31,39,574 | 4,20,906 | 27,18,668 | |
| ലൈഫ് ഭവന പദ്ധതി-സംസ്ഥാന വിഹിതം (320400199) | 7430894 | 0 | 7430894 | 1700000 | 5730894 | |
| അമൃത കുടീരം ഭവന പദ്ധതി 320200307 | 16,00,000 | 0 | 16,00,000 | 14,00,000 | 2,00,000 | |
| ദുരിതാശ്വാസ നിധി 311100101 | 13,943 | 397 | 14,340 | 0 | 14,340 | |

1) *ജി.ഓ.പ്രൊജക്ട് - 26,33,166/-

2) **ജി.ഓ.പ്രൊജക്ട് - 8,11,624/-

3) ***ജി.ഓ.പ്രൊജക്ട് - 43,283/-
4) **** കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് - വാർഷിക ധനകാര്യ പത്രിക വരവ് ചെലവുകൾ ACRമായി പൊരുത്തപ്പെടുന്നില്ല. കണക്കുകൾ കൃത്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

5) ***** CSR Fund (HoA – 320200399) I-6 ഷെഡ്യൂളിലും ട്രയൽ ബാലൻസിലും വ്യത്യസപ്പെട്ടിരിക്കുന്നു. വ്യത്യാസം വ്യക്തമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 294 | 35,72,39,752 | 186 | 11,00,53,284 | 13 | 186 | 95 | 63.26% |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 730.00 | 1745800.00 | 1746530.00 | 1745780.00 | 750.00 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | -- | 19354080.00 | 19354080.00 | 19354080.00 | 0 |
| ആകെ | 730.00 | 21099880.00 | 21100610.00 | 21099860.00 | 750.00 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 27,63,400 | 273 |
| വിധവ പെൻഷൻ | 1,10,65,000 | 1026 |
| വാർദ്ധക്യകാല പെൻഷൻ | 1,92,25,000 | 1730 |
| വികലാംഗ പെൻഷൻ | 23,96,800 | 245 |
| വിവാഹ ധനസഹായം | 90,000 | 8 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 6,31,400 | 64 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.10.2023 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 28,452/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം ചുവടെ ചേർക്കുന്ന മേഖലകളിൽ കാര്യക്ഷമമാക്കേണ്ടതാണ്.
1. തനത് ഫണ്ട് വിനിയോഗം
   (എ) പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പ്രോജക്റ്റ് തയ്യാറാക്കി അംഗീകാരം നേടാതെ തുക ചെലവഴിക്കുന്നുണ്ട്.
   (ബി) പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും CSR Fund ലഭിക്കാതെ തുക മുൻകൂറായി ചെലവു ചെയ്യുന്നുണ്ട്.
2. പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നതിൽ ശ്രദ്ധിക്കുന്നില്ല, അനിയന്ത്രിതമായി കാലതാമസം നേരിടുന്നു.
3. അമൃത കുടീരം, പാർക്ക് നിർമ്മാണം എന്നീ പ്രോജക്റ്റുകളുടെ നടത്തിപ്പ് കാര്യക്ഷമമാക്കേണ്ടതും അനാവശ്യ ചെലവുകൾ ഒഴിവാക്കേണ്ടതുമാണ്.
4. ലൈസൻസില്ലാതെ ചില കമ്പനികൾ പ്രവർത്തനം നടത്തുന്നു. അപാകം പരിഹരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് | റിപ്പോർട്ട് |
|---|---|---|---|

| | നടത്തിയ തീയതി | കാലയളവ് | ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04.08.2021മുതൽ 05.08.2021വരെ | 01.01.2021-31.07.2021 | 26.08.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.08.2007മുതൽ 11.09.2007 വരെ | 1996-97 മുതൽ 2006-07 വരെ | 11.10.2007 |

## 1-11 തനത് വരുമാന അവലോകനം

ആറാമത് ധനകാര്യ കമ്മീഷന്റെ രണ്ടാമത് നിർദ്ദേശ പ്രകാരം വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് തനത് വരുമാന അവലോകനത്തിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ തൊഴിൽ നികുതി, ലൈസൻസ്,വാടക, വസ്തുനികുതി, എന്നിവയിലെ ഡിമാൻഡ്/കളക്ഷൻ എന്നിവ പരിശോധിച്ച് നികുതി /നികുതിയേതര വരവുകളുടെ വർദ്ധനവിനുതകുന്ന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു. പുതിയ തനതു വരുമാന മേഖലകൾ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെയും പഞ്ചായത്ത് ഭരണസമിതിയുടെയും തീരുമാനങ്ങളിൽ ഉൾപ്പെട്ടിട്ടില്ല. റവന്യൂ ചെലവുകൾ വർദ്ധിച്ച് വരുന്ന സാഹചര്യം കണക്കിലെടുത്ത് തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിലും പുതിയ സ്രോതസ്സുകൾ കണ്ടെത്തുന്നതിലും ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### കെട്ടിട നികുതി

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ഉറസ്സായ സ്ഥലവും പാർക്കിംഗ് സ്ഥലവും കയ്യേറി അനധികൃത കെട്ടിട നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ ഫീൽഡ് പരിശോധന നടത്തി കണ്ടെത്തേണ്ടതാണ്. 2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും മേഖല അടിസ്ഥാനത്തിലുള്ള വർദ്ധനവുകൾ ഒഴിവായിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 ഉപചട്ടം (1) പ്രകാരം ഗ്രാമപഞ്ചായത്ത് പൊതുവായി ഏർപ്പെടുത്തിയിട്ടുള്ളതുമായ സേവനങ്ങൾക്ക് പുറമേ ഏതെങ്കിലും കെട്ടിടത്തിന് വേണ്ടി സേവനം പ്രത്യേകമായി ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ടി ചെലവിന് ആനുപാതികമായി ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ കെട്ടിടത്തിന്റെ ഉടമസ്ഥനിൽനിന്ന് ഫീസ് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### തൊഴിൽ നികുതി

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, പ്രൊഫഷണലുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ മുഴുവൻ ഡാറ്റ ബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും ആയതിന്റെ വിവരങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ച് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം ചെയ്ത് തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ ആളുകളിൽനിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചതിൽ നികുതി പിരിവ് പുരോഗതി അവലോകനം സംബന്ധിച്ച് ചർച്ച ചെയ്തിട്ടുണ്ട്.

പഞ്ചായത്തിന്റെ ദൈനംദിന ചെലവുകൾ, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ ഇവ നടത്തുന്നതിന് പ്രധാനമായും ആശ്രയിക്കുന്നത് തനത് വരുമാനത്തെയാണ്. തനത് ഫണ്ട് വരുമാനം പ്രധാന വരുമാന മാർഗ്ഗമായി കാണുന്ന ഒരു സമൂഹത്തിൽ നിന്നും വാണിജ്യ വ്യവസായ മേഖലകൾക്ക് കൂടുതൽ പ്രാധാന്യം ഉള്ള ഒരു സമൂഹമായി മാറാത്ത സാഹചര്യത്തിൽ വസ്തു നികുതി വരുമാനം ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതും ഫീൽഡ് പരിശോധന നടത്തേണ്ടതുമാണ്. ലൈസൻസ് ഫീസ്, തൊഴിൽ നികുതി ഇവയിൽ നിന്ന് പഞ്ചായത്തിന് ലഭിക്കുന്ന വരുമാനം തീരെ കുറവായതിനാൽ മുഴുവൻ വാണിജ്യ സ്ഥാപനങ്ങൾക്കും ലൈസൻസ് ലഭ്യമാക്കുന്നതിനും തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിനും കൂടുതൽ ഭാവനാപൂർണ്ണമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തേണ്ടതാണ്. വർദ്ധിച്ച് വരുന്ന ചെലവും ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയും പരിഗണിച്ച് അധിക വിഭവ സമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-12 കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ഗ്രാമപഞ്ചായത്ത് 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 50/- രൂപയായും, 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 60/- രൂപയായും നികുതിനിരക്ക് നിശ്ചയിച്ചിട്ടുണ്ട്. വസ്തുനികുതി നിർണ്ണയിച്ച താഴെ പറയുന്ന വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറവിസ്തൃതിയുള്ള കെട്ടിടത്തിന് 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന് ബാധകമായ 50/- രൂപ നിരക്കിലാണ് നികുതി ഈടാക്കിയത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| കെട്ടിട നം | നികുതി നിലവിൽ വന്ന അർദ്ധവർഷം | വിസ്തൃതി (ച.മീ.) | നിർണ്ണയിക്കേണ്ട അടിസ്ഥാന വസ്തു നികുതി (₹60/ച.മീ.) | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി (₹50/ച.മീ.) | അടിസ്ഥാന നികുതിയിലെ കുറവ് |
|---|---|---|---|---|---|
| 14/744/G | *2015* ആദ്യ പകുതി | 139.69 ച. മീ | 8,382 | 6,985 | 1,397 |
| 9/159/A | *2015* ആദ്യ പകുതി | 148 ച. മീ | 8,880 | 7,400 | 1,480 |

വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചത് മൂലം വസ്തുനികുതി ഡിമാന്റ് കുറവ് വന്നതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 4/24.10.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 വസ്തുനികുതി നിർണ്ണയം അപാകത

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 6 അനുസരിച്ച്, മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ്, മറ്റ് വിലയേറിയ വസ്തുക്കൾ എന്നിവകൊണ്ട് നിർമ്മിച്ച തറനിർമ്മിതിയുള്ളതും 250 ച.മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ളതുമായ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ മേലുള്ള വർദ്ധനവിൽ 15% വർദ്ധനവ് വരുത്തേണ്ടതായിട്ടുണ്ട്. എന്നാൽ ഫോം 6ൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ പ്രകാരം താഴെപ്പറയുന്ന കെട്ടിടങ്ങളുടെ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് നികുതി നിർണ്ണയത്തിന് പരിഗണിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമ | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ.) |
|---|---|---|
| എൽദോ ടി.പി. | 2/121 A | 31.95 |
| | 2/121 B | 37.68 |
| | 2/121 C | 54.68 |
| | 2/121 D | 53.72 |
| | 2/121 E | 52.52 |
| | 2/121 F | 53.47 |
| | 2/121 G | 36.89 |
| ആകെ | | 320.91 |

മേൽ അപാകതയ്ക്കുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 44/31.10.2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നികുതി പുനർ നിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-14 സ്ഥാപന തൊഴിൽ നികുതി

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ 2022-23 വർഷത്തെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 3/24.10.2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | റീമാർക്ക്സ് |
|---|---|---|
| 1 | തിരുകൊച്ചി ചിറ്റ് പ്രൈ.ലിമി | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| 2 | ട്രാവൻകൂർ ക്രഡിറ്റ്സ് | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| 3 | മാവേലി സ്റ്റോർ പുത്തൻകുരിശ് | ആദ്യ പകുതിയും, രണ്ടാം പകുതിയും |

| | | |
|---|---|---|
| 4 | ഫാക്ട് കോ-ഓപ്പറേറ്റീവ് സ്റ്റോർ | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| 5 | കാനറാ ബാങ്ക് | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| 6 | മുത്തൂത്ത് ഫിൻകോർപ്പ് | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| 7 | മണപ്പുറം ഫിനാൻസ് | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| 8 | ഫാക്ട് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റി | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| 9 | കെ എസ് ബി സി | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| 10 | കെ എസ് ഇ ബി | ആദ്യ പകുതിയും, രണ്ടാം പകുതിയും |

## 1-15 തൊഴിൽ നികുതി കുറവായി അടവാക്കി

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെ ചേർക്കുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയപ്പോൾ കുറവ് വന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര് | അർദ്ധ വർഷം | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയ തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | ജെൻലൈറ്റ് എഞ്ചിനീയറിംഗ് | വിപിൻകുമാർ വി | 1st | 148200/- | 1250/- | 1000/- | 250/- |
| 2 | ---"--- | വിപിൻ കെ വർഗ്ഗീസ് | 1st | 126600/- | 1250/- | 1000/- | 250/- |
| 3 | ---"--- | ധനീഷ് കെ എൻ | 1st | 135960/- | 1250/- | 1000/- | 250/- |
| 4 | ---"--- | അനീഷ് എം | 1st | 135960/- | 1250/- | 1000/- | 250/- |
| 5 | ---"--- | ദിലീപ് വർഗ്ഗീസ് വി | 1st | 117240/- | 1000/- | 750/- | 250/- |
| 6 | ---"--- | എബി മാത്യൂ | 1st | 117240/- | 1000/- | 750/- | 250/- |
| 7 | ---"--- | മോൻസൻ ടി കെ | 1st | 107880/- | 1000/- | 750/- | 250/- |
| 8 | ---"--- | രഘുനന്ദൻ ടി | 1st | 135960/- | 1250/- | 1000/- | 250/- |
| 9 | ---"--- | പ്രകാശൻ സി | 1st | 117240/- | 1000/- | 750/- | 250/- |
| 10 | ---"--- | അഖിലേഷ് എം സ് | 1st | 22980/- | 180/- | 120/- | 60/- |
| 11 | ---"--- | ലിജോ ജോസഫ് | 1st | 91320/- | 750/- | 600/- | 150/- |
| 12 | ---"--- | പോളാബ് ഹസാരിക്ക | 1st | 84120/- | 750/- | 600/- | 150/- |
| 13 | ---"--- | വിഷ്ണു എസ് ബി | 1st | 113880/- | 1000/- | 750/- | 250/- |
| 14 | ---"--- | ഭരത് മേനോൻ | 1st | 76601/- | 750/- | 600/- | 150/- |
| 15 | ---"--- | തുളസീദാസൻ | 1st | 129600/- | 1250/- | 1000/- | 250/- |
| 16 | ---"--- | അജിൻ സി പി | 1st | 81308/- | 750/- | 600/- | 150/- |
| 17 | സെൽവം ബോയ് ലേഴ്സ് | എം അനന്തകുമാർ | 2nd | 128118/- | 1250/- | 1000/- | 250/- |
| 18 | എച്ച് ബി എൽ പവ്വർ സിസ്റ്റംസ് | രാജേഷ് വി ആർ | 2nd | 109740/- | 1000/- | 750/- | 250/- |
| 19 | ---"--- | ബിജു സി പി | 2nd | 118392/- | 1000/- | 750/- | 250/- |
| | | | | | | ആകെ | 4160/- |

കുറവുവന്ന തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 5/25.10.2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കുറവുവന്ന തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-16 ജീവനക്കാരുടെ തൊഴിൽനികുതി

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം ഒരു വ്യക്തി ഒരു അർദ്ധവർഷം തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽനികുതിക്ക് വിധേയനാകും. എന്നാൽ, ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തിൽ മേൽപ്രകാരം തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 1/21.10.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | കെട്ടിട നം | ജീവനക്കാരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|
| 1 | താസാ റെസ്റ്റോറന്റ് | 16/400 | 08 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 2 | പറക്കൽ റോക്ക് പ്രോഡക്ട്സ് | 16/2k | 04 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 3 | ക്യൂബ് ഇന്നോവേറ്റേഴ്സ് | 2/106c | 10 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 4 | അഗ്രോ മാന്യൂസ് & കെമിക്കൽസ് | 9/80 | 06 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 5 | ഗോർമെറ്റ് ഹോസ്പിറ്റാലിറ്റി & സർവ്വീസ്സ് | 10/65g | 12 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 6 | അൾട്രാ റെഡിമിക്സ് കോൺക്രീറ്റ് | 1/273b | 09 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 7 | ജി എസ് ഇൻഡസ്ട്രീസ് | 9/143b | 04 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 8 | യൂണിടെക്ക് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് | 10/454 | 09 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 9 | അലങ്കാർ വുഡ് വർക്സ് | 16/441 | 04 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 10 | മടേക്കൽ ഫ്യൂവൽസ് | 4/261b | 05 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 11 | മസ്കറ്റ് ഹോട്ടൽ | 12/304j | 05 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 12 | Schaltek ഇലക്ട്രിക്കൽ & ഇൻസ്ട്രുമെന്റ് | 2/621 | 05 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 13 | Telikoz ട്രേഡ് ലിങ്ക്സ് | 14/111a | 06 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 14 | ഫൈക്ക കഫേ | 1/314d | 04 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 15 | ജോർജ് ബ്രദേഴ്സ് HP ഡീലർ | 8/1045 | 06 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 16 | ഡോളർ ഓട്ടോമൊബൈൽസ് | 9/154 | 04 | ആദ്യപകുതിയും രണ്ടാംപകുതിയും |

| | | | | |
|---|---|---|---|---|
| 17 | Byfe സ്റ്റോൺ ഇന്ത്യ പ്രൈ.ലിമിറ്റഡ് | - | - | ആദ്യപകുതിയും രണ്ടാംപകുതിയും |
| 18 | ഹെഡ് ലോഡ് വർക്കേഴ്സ് ബോർഡ് | - | - | ആദ്യപകുതിയും രണ്ടാംപകുതിയും |

ഒരു അർദ്ധവർഷം മാത്രം ജീവനക്കാരുടെ തൊഴിൽ നികുതി അടച്ച സ്ഥാപനങ്ങളുടെ വിവരങ്ങൾ

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | ട്രാവൻകൂർ ക്രഡിറ്റ് | രണ്ടാംപകുതി |
| 2 | കാനറാ ബാങ്ക് | രണ്ടാംപകുതി |
| 3 | എം എൻ ആർ ഇ ജി എസ് | രണ്ടാംപകുതി |
| 4 | പോസ്റ്റോഫീസ് പുത്തൻകുരിശ് | രണ്ടാംപകുതി |
| 5 | 2 ഹാറ്റ്സ് ലോജിക്ക് സൊല്യൂഷൻസ് | രണ്ടാംപകുതി |
| 6 | തേലക്കാട്ട് ഇൻഡസ്ട്രീസ് | രണ്ടാംപകുതി |

1-17 കരാറുകാരുടെ തൊഴിൽ നികുതി

2022-23 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന എഗ്രിമെന്റ് രജിസ്റ്റർ പ്രകാരമുള്ള താഴെ ചേർക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 2/21.10.2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ബാധകമായ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നം | കരാറുകാരന്റെ പേര് |
|---|---|
| 1 | ശ്രീ.മോഹനൻ എ വി |
| 2 | ശ്രീ.ഷാജഹാൻ പി കെ |
| 3 | ശ്രീ.ജോർജ് പി വി |
| 4 | ശ്രീ.ഡോണി പോൾ |
| 5 | ശ്രീ.ശ്രീറാം കെ നന്ദൻ |
| 6 | ശ്രീ.അബൂബക്കർ എം പി |
| 7 | ശ്രീ.സുധാകരൻ പി കെ |
| 8 | ശ്രീ.ബഷീർ എം |
| 9 | ശ്രീ.പി കെ ചാക്കോ |
| 10 | ശ്രീ.ബേസിൽ എബ്രാഹാം |
| 11 | ശ്രീ.മുഹമ്മദ് കുഞ്ഞ് എം എ |
| 12 | ശ്രീ.സുനിൽ എൻ എൻ |
| 13 | ശ്രീ.ഗിരിധരൻ കെ എസ് |
| 14 | ശ്രീ.മാത്യൂ കെ വി |
| 15 | ശ്രീ.റ്റോളി മാത്യൂ |
| 16 | ശ്രീ.വർഗ്ഗീസ് സി ഒ |
| 17 | ശ്രീ.ബേസിൽ പോൾ |
| 18 | ശ്രീ.മുഹമ്മദ് പി കെ |
| 19 | ശ്രീ.ജോസ് വി സി |

| | |
|---|---|
| 20 | ശ്രീ.തമ്പി വി പി |
| 21 | ശ്രീ.സുനിൽ എൻ എൻ |
| 22 | ശ്രീ.ഷൈമോൻ തോമസ് |
| 23 | ശ്രീ.കുരുവിള കെ റജി |
| 24 | ശ്രീ.റെജി കെ ഡേവിഡ് |
| 25 | ശ്രീ.ജോർജ്കുട്ടി കെ എം |

1-18 എഫ്.ടി.ഇ. & ഒ.എസ്. ലൈസൻസ്

ഗ്രാമപഞ്ചായത്ത് പരിധിയിൽ മുൻവർഷങ്ങളിൽ പ്രവർത്തിച്ചിരുന്ന താഴെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ 2022-23 സാമ്പത്തിക വർഷം ലൈസൻസ് പുതുക്കുന്നതിനായി ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിച്ച് ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും കൂടാതെ കാലികമാക്കിയ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനക്കായി ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 33/30.10.2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ലൈസൻസ് രജിസ്റ്ററിലെ എൻട്രികൾ പൂർണ്ണമല്ലാത്തതിനാലും, കുറച്ച് അപേക്ഷകൾ ഐ.എൽ.ജി.എം.എസ് മുഖേന സമർപ്പിച്ചതിനാലും പരിശോധിക്കാൻ സാധിക്കാത്തതിനാൽ 2022-23 സാമ്പത്തിക വർഷം താഴെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും ട്രേഡേഴ്സ് ലിസ്റ്റ്/ലൈസൻസ് രജിസ്റ്റർ കാലികമാക്കി വിവരം അറിയിക്കേണ്ടതുമാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ഫാത്തിമ എൻഞ്ചിനീയറിംഗ് |
| 2 | ക്യൂവെയർ സോഫ്റ്റ്‌വെയർ |
| 3 | യെസ് യെം കൺസ്ട്രക്ഷൻസ് |
| 4 | ലാൽ & കമ്പനി മെറ്റൽ ക്രഷ് |
| 5 | കേരള എൻവൈറോ ഇൻഫ്രാസ്ട്രക്ചർ |
| 6 | രാഹുൽ റെഡിമിക്സ് |
| 7 | കൊച്ചിൻ കടലാസ് പ്രൈ. ലിമിറ്റഡ് |
| 8 | എം ജി മെഡിക്കൽസ് |
| 9 | രാജ് ഇൻഡസ്ട്രീസ് |
| 10 | സായ് ഇൻഡ്യ എക്യുപ്മെന്റ്സ് |
| 11 | യു വി ജെ ടെക്നോളജീസ് |
| 12 | മാനാത്തടെ ലൈറ്റിങ്ങ് സിസ്റ്റംസ് |
| 13 | ആലഞ്ചേരി ബ്രിക്സ് |
| 14 | ഇൻഡ്യ സിമന്റ് ഡിപ്പോ |

1-19 വാടക കരാർ

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴെ ചേർത്തിരിക്കുന്ന കടമുറികൾ വാടകയ്ക്ക് എടുത്തവരുമായി 2022-23 വർഷത്തിൽ ഗ്രാമപഞ്ചായത്ത് വാടക കരാർ വച്ചിട്ടുണ്ടെങ്കിൽ പരിശോധനക്കായി ഹാജരാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 32/30.10.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം. | കടമുറി നം. | വാടകക്കാരന്റെ വിവരം |
|---|---|---|
| 1 | 14/354 | മേരി തോമസ് |
| 2 | 14/358 | കൃഷ്ണൻകുട്ടി |

| | | |
|---|---|---|
| 3 | 14/359 | എം ജി പ്രസന്ന |
| 4 | 14/366 | ജോർജ് പി കെ |
| 5 | 14/368 | എം കെ നിമേഷ് |
| 6 | 14/370 | സി പി തോമസ് |
| 7 | 14/371 | സി പി തോമസ് |
| 8 | 14/372 | ബെന്നി കുര്യൻ |
| 9 | 14/377 | എം കെ നിമേഷ് |
| 10 | 2/699 | കൊച്ചുമോൾ കുര്യാക്കോസ് |
| 11 | 2/700 | ചോതി |
| 12 | 2/702 | മേരി പീറ്റർ |
| 13 | 2/703 | മാവേലി സ്റ്റോർ,കരിമുഗൾ |
| 14 | 2/706 | രേഷ്മ മോൾ |
| 15 | 2/707 | ലിജി ജോസഫ് |
| 16 | 2/710 | വർഗ്ഗീസ് |
| 17 | 2/711 | കെ എം പോൾ |
| 18 | 8/362 | രവീന്ദ്രൻ എം എ |
| 19 | 8/462 | സുരേന്ദ്രൻ |
| 20 | 8/439 | ഏലിയാസ് സി എം |

വാടക കരാറിൽ ഏർപ്പെടാത്തപക്ഷം, ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ നിയമപരിരക്ഷ ലഭിക്കുകയില്ലെന്നതിനാൽ ഏല്ലാ വാടകക്കാരുമായി കരാറിൽ ഏർപ്പെടാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ

കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ചട്ടങ്ങൾ) പ്രകാരം താഴെപറയുന്ന സ്വകാര്യ ആശുപത്രികൾ/ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ 2022-23 കാലയളവിൽ രജിസ്ട്രഷൻ/ലൈസൻസ് പുതുക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 31/30.10.2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ടി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെങ്കിൽ രജിസ്ട്രഷൻ/ലൈസൻസ് പുതുക്കി വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ബി.പി.സി.എൽ അമാസ് |
| 2 | എഫ്.എ.സി.ടി,CD ഫാർമസി |
| | എഫ്.എ.സി.ടി,CD ആശുപത്രി |
| 3 | എച്ച്.ഒ.സി ക്ലിനിക്ക് |
| 4 | ചൈതന്യ ക്ലിനിക്ക് |

## 1-21 വാടക കുടിശ്ശിക

2022-23 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതു പ്രകാരം താഴെ ചേർക്കുന്ന കടമുറികളുടെ വാടക ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 29/30.10.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വാടക കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നം. | കെട്ടിട നം. | പ്രതിമാസ വാടക | വാടകയ്ക്ക് എടുത്ത ആളുടെ പേര് | ഈടാക്കേണ്ട തുക (2022-23) |
|---|---|---|---|---|
| 1 | 8/1020 | 3991 | ശശി ചിറപ്പാട്ട് | 47,892 |
| 2 | 8/940 | 6376 | വി കെ അയ്യപ്പൻ | 76,512 |
| 3 | 2/705 | 1617 | വിനോജ് പി സി | 19,404 |
| 4 | 8/1019 | 13265 | എൽദോ പീറ്റർ | 1,59,180 |
| 5 | 14/358 | 2079 | കൃഷ്ണൻകുട്ടി | 24,948 |

## 1-22 ദുരിതാശ്വാസ നിധി - പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല.

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം പ്രകൃതി ദുരന്തം, രോഗാദി ദുരിതങ്ങൾ എന്നിവ മൂലം പ്രയാസമനുഭവിക്കുന്നവർക്ക് അവശ്യഘട്ടങ്ങളിൽ കൈത്താങ്ങാകുവാൻ പഞ്ചായത്ത് ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ യു.ബി.ഐ. പുത്തൻകുരിശ് ശാഖയിൽ ദുരിതാശ്വാസ നിധിയ്ക്കായി അക്കൗണ്ട് തുടങ്ങിയിട്ടുണ്ടെങ്കിലും 24.07.2018ന് ശേഷം നാളിതുവരെ ആർക്കും തന്നെ ഇതിൽനിന്നും ധനസഹായം അനുവദിച്ചിട്ടില്ല. വർഷാന്ത്യത്തിലെ (31.3.2023) നീക്കിയിരിപ്പായി ഈ അക്കൗണ്ടിൽ 14,340/- രൂപ ബാക്കിയുണ്ട്. നിലവിൽ പലിശ ഇനത്തിലുള്ള വരവല്ലാതെ മറ്റ് വരവുകൾ വന്നിട്ടില്ല. ഈ നിധിയുടെ വിനിയോഗം സംബന്ധിച്ച് ഏകോപനം നടത്തുന്നതിനായുള്ള സബ്കമ്മറ്റി പ്രസ്തുത കാലയളവിൽ രൂപീകരിച്ചിട്ടുണ്ടെങ്കിൽ തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 30/30.10.2023) ലഭ്യമാക്കിയ മറുപടിയിൽ സംഭാവനകൾ ഒന്നും ലഭിക്കുന്നില്ല എന്ന് അറിയിച്ചു. സംഭാവനകൾ ലഭ്യമാക്കുവാൻ ശ്രമിക്കേണ്ടതും സംഭാവനകൾ ലഭ്യമാകുന്നതിനനുസരിച്ച് ദുരിതാശ്വാസ നിധി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതുമാണ്.

## 1-23 തനത് ഫണ്ട് ചെലവുകൾ

പ്രോജക്റ്റ് തയ്യാറാക്കി അംഗീകാരം നേടാതെ തനത് ഫണ്ടിൽ നിന്നും തുക ചെലവ് ചെയ്യുന്നുണ്ട്. കൂടാതെ CSR Fund ലഭിക്കാതെ തനത് ഫണ്ടിൽ നിന്നും തൻവർഷം അമൃത കുടീരം സമഗ്ര വികസന ചെലവിനായി 40,00,000/- രൂപ അഡ്വാൻസ് നല്കിയിട്ടുണ്ട്. CSR Fund ലഭിക്കാതെ തനത് ഫണ്ടിൽ നിന്നും അഡ്വാൻസായി തുകകൾ നല്കുന്നതിനാൽ CSR ഫണ്ട് മുന്നിരിപ്പ് വരവ് ചെലവ് നീക്കിയിരിപ്പ് തുകകളുടെ കൃത്യത വ്യക്തമല്ല. തനത് ഫണ്ടിൽ നിന്നും ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾക്ക് ചെലവ് ചെയ്യുന്നതിന് മുൻതൂക്കം കൊടുക്കേണ്ടതാണ്.

## 1-24 പ്രോജക്റ്റ് തയ്യാറാക്കാതെ തുക ചെലവഴിക്കുന്നു

പ്രോജക്റ്റ് തയ്യാറാക്കി അംഗീകാരം നേടാതെ തനത് ഫണ്ടിൽ നിന്നും തുക ചെലവ് ചെയ്യുന്നു, വിശദാംശം ചുവടെ ചേർക്കുന്നു :-

1)

| ക്രമ നം | വൗച്ചർ നം | തുക | ചെക് നം./ തീയതി | വിഷയം |
|---|---|---|---|---|
| 1 | 22200037 | 97820 | 106130/24.4.2022 | തെരുവ് വിളക്ക് പരിപാലനം |
| 2 | " 37 | 166661 | " | " |

2)

| ക്രമ നം | വൗച്ചർ നം | തുക | ചെക് നം./ തീയതി | വിഷയം |
|---|---|---|---|---|
| 1 | 22200159 | 367650 | 107869/13.5.2022 | ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം |
| 2 | " 168 | 393300 | 108596/28.5.2022 | " |
| 3. | " 357 | 267900 | 109214/3.7.2022 | " |

| | | | | |
|---|---|---|---|---|
| 4. | “ 1449 | 131100 | 121861/21.3.2023 | “ |

3)

| ക്രമ നം | വൗച്ചർ നം | തുക | ചെക് നം./ തീയതി | വിഷയം |
|---|---|---|---|---|
| 1. | 22200153 | 40,000 | 108582/13.5.2022 | മാലിന്യ സംസ്കരണം -ടിപ്പർ ലോറി വാടക |
| 2. | “ 261 | 44000 | 108186/10.6.2022 | “ |
| 3. | “ 355 | 60000 | 109217/5.7.2022 | “ |
| 4. | “ 518 | 24000 | 109275/24.8.2022 | “ |
| 5. | “ 652 | 64000 | 109315/22.9.2022 | “ |
| 6. | “ 770 | 98360 | 109358/21.10.2022 | “ |
| 7. | “ 880 | 53000 | 115464/21.11.2022 | “ |
| 8. | “ 1005 | 36000 | 115508/22.12.2022 | “ |
| 9. | “ 1167 | 48000 | 115567/30.01.2022 | “ |
| 10. | “ 1294 | 48000 | 115617/23.3.2022 | “ |
| 11 | “ 1490 | 48000 | 121860/26.3.2022 | |

തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾക്ക് പ്രോജക്റ്റ് തയ്യാറാക്കി അംഗീകാരം നേടേണ്ടതാണ്.

## 1-25 സി.എച്ച്.സി. മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | സാന്ത്വന പരിചരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) |
| പ്രോജക്റ്റിന്റെ നം/ വർഷം | 24/23 |
| അടങ്കൽ തുക / ഫണ്ട് | 8,00,000/- രൂപ, (പൊതുവിഭാഗം) |
| ചെലവ് തുക/ ബിൽ നം തിയതി | 1,69,361/-രൂപ. / 585/31.03.23 |

2022-23 വർഷം സി എച്ച് സി സാന്ത്വന പരിചരണ പദ്ധതിയുമായി ബന്ധപ്പെട്ട് മരുന്ന് വാങ്ങിയതിൽ കെ.എം.എസ്.സി. എൽ ഇൻവോയ്സ് നം പി.ആർ.എഫ്.5698 തീയതി 24.3.23 പ്രകാരമുള്ള 169361/-രൂപയുടെ മരുന്നുകൾ ലഭിച്ചതായി കാണുന്നില്ല. 169361/-രൂപയ്ക്കുള്ള മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും ഇതിനകം ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം അറിയിക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 28/30.10.2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭ്യമാകുന്നതു വരെ 1,69,361/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-26 ചെലവു രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | ക്ഷയരോഗികൾക്കുള്ള പോഷകാഹാര വിതരണ പദ്ധതി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി. |
| പ്രോജക്റ്റിന്റെ നം/ വർഷം | 180/23 |
| അടങ്കൽ തുക / ഫണ്ട് | 30,000/- രൂപ, തനത് ഫണ്ട് |
| ചെലവ് തുക/ ബിൽ നം തിയതി | 6,000/-രൂപ, |

ക്ഷയരോഗികൾക്കുള്ള പോഷകാഹാര വിതരണ പദ്ധതി പ്രകാരം 6,000/-രൂപ ചെലവ് വന്നതായി സുലേഖ ചെലവ് രേഖ പ്രകാരം കാണുന്നു. പ്രസ്തുത ഫയൽ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. ചെലുവ് രേഖകൾ പരിശോധനക്കായി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 27/30.10.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ചെലുവ് രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കുന്നതുവരെ

6,000/-രൂപ തടസ്സപ്പെടുത്തുന്നു.

1-27 ഒരിക്കൽ ആനുകൂല്യം കൈപ്പറ്റിയവർ വീണ്ടും തുക കൈപ്പറ്റുന്നു - അപാകത ഒഴിവാക്കുന്നതിന് ഫലവത്തായ ക്രമീകരണങ്ങളില്ല.

ടോയ്‌ലറ്റ് മെയിന്റനൻസ് / നിർമ്മാണം - പദ്ധതി നിർവഹണത്തിലെ അപാകതകൾ

A. സുലേഖ ചെലവ് പത്രികയിൽ പ്രൊജക്ട് നമ്പർ 38/2022-23 പ്രകാരം ടോയ്‌ലറ്റ് മെയിന്റനൻസ് (ജനറൽ) എന്ന പദ്ധതിക്കായി 2022-23 ൽ 55,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രൊജക്ടിന്റെ ചെലവ് വിവരങ്ങൾ ഹാജരാക്കിയത് പരിശോധിച്ചതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ നം. / പേര് | 38/2022-23/ ടോയ്‌ലറ്റ് മെയിന്റനൻസ് ( ജനറൽ) |
| ഫണ്ട്, അടങ്കൽ | കേന്ദ്രാവിഷ്കൃത ഫണ്ട്<br>17,85,000/- |
| ചെലവ്-<br>ആകെ- 55,000/-<br>ചെക്ക് നം./തീയതി , തുക | 121907/30.03.23 – 5,000/-<br>അമ്മുക്കുട്ടി |
| | 121907/30.03.23 – 25,000/-<br>അമ്മിണി കുഞ്ഞപ്പൻ<br>സത്യൻ കെ.കെ.<br>ബിജു വർഗ്ഗീസ്<br>ലത കൃഷ്ണൻകുട്ടി<br>അമ്മിണി പരമു |
| | 121914/31.03.23 – 10,000/-<br>ഗോപി വി.ഐ.<br>സജി കെ.കെ |
| | 121914/31.03.23 – 5,000/-<br>തങ്കമ്മ |
| | 121916/31.03.23 – 10,000/<br>അജിത<br>വയൻകുട്ടി |
| നിർവഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

താഴെ ചേർക്കുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/26.10.2023) മറുപടി ലഭ്യമാക്കിയില്ല.

1. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പ്രകാരമല്ല പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസിൽ ലഭ്യമാകുന്ന അപേക്ഷകരുടെ ലിസ്റ്റിന് പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകുകയാണ് ചെയ്തിരിക്കുന്നത്. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്.

2. മേൽ പ്രൊജക്ടിന്റെ ചെലവ് രേഖകളോടൊപ്പം ലഭ്യമായ ബില്ലുകൾ പ്രകാരം ഒരേ ഗുണഭോക്താവിന് തുടർച്ചയായ രണ്ട് വർഷങ്ങളിൽ ഇതേ ആനുകൂല്യം നല്കിയതായി കാണുന്നു. 25,000/- രൂപയുടെ ചെലവ് ബില്ലുകൾ (പ്രൊ. നം. 131/23-24) പ്രകാരം അമ്മിണി, സാംകുട്ടി സി.ജെ., തങ്കമ്മ അയ്യപ്പൻ, അയ്യപ്പൻകുട്ടി എം.പി., സത്യൻ കെ.കെ. എന്നീ അഞ്ച് പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ഇതിൽ സത്യൻ കെ.കെ. 2022-23 ൽ ( Account No. 32928907643) ഇതേ ആവശ്യത്തിനായി ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ട്. ഒരേ ഗുണഭോക്താവിന് 2023-24ൽ നൽകിയ അധിക ആനുകൂല്യം (5,000/-) തിരികെ ബന്ധപ്പെട്ട ഫണ്ടിൽ അടവാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി പരിഗണിക്കുന്നതാണ്.

B. 43/2022-23/ അമൃതകുടീരം ലൈഫ് ഭവനം ടോയ്‌ലറ്റ് നിർമ്മാണം – പദ്ധതി പ്രകാരം 2022-23 ൽ 12 പേർക്ക് 12,000/- രൂപ വീതം ആനുകൂല്യം നൽകിയിട്ടുണ്ട്. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല, ആയത് ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| പദ്ധതിയുടെ നം. / പേര് | 43/2022-23/ അമൃതകുടീരം ലൈഫ് ഭവനം ടോയ്‌ലറ്റ് നിർമ്മാണം |
| ഫണ്ട്, അടങ്കൽ | കേന്ദ്രാവിഷ്കൃത ഫണ്ട്<br>11,28,000/- |

| | |
|---|---|
| ചെലവ്-<br>ആകെ- 1,44,000/-<br>ചെക്ക് നം./തീയതി , തുക | 121859/03.03.23 / 84,000/-<br>1.സായിലതേഷ് പി.<br>2.ശകുന്തള അനി<br>3.ശാരദ<br>4.മനോഹരൻ<br>5.രഞ്ജിത്<br>6.ബിനി വിജയൻ<br>7.സുകുമാരി |
| | 121914/31.03.23 / 60,000/-<br>1.ജോജോ എം. എഫ്.<br>2.മജീദ് കെ.പി.<br>3.അജിത ഗിരീഷ്<br>4.ഗോപാലകൃഷ്ണൻ പി.കെ.<br>5.ഡിലിഷ് ടി.കെ |
| നിർവഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്ററൻഷൻ ഓഫീസർ |

1. മുൻ വർഷങ്ങളിൽ ഇതേ ആനുകൂല്യം കൈപ്പറ്റിയവർ വീണ്ടും തുക കൈപ്പറ്റുന്ന പ്രവണത കാണുന്നതിനാൽ ടി വിവരം പരിശോധിക്കുന്നതിനായി 2019-20, 2020-21, 2021-22 എന്നീ വർഷങ്ങളിൽ ടോയ്‌ലറ്റ് മെയിന്റനൻസ് / നിർമ്മാണം എന്ന പ്രൊജക്ടുകൾ പ്രകാരം ആനുകൂല്യം നൽകിയവരുടെ രജിസ്റ്റർ (വിതരണ രജിസ്റ്റർ) സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്. രജിസ്റ്ററിൽ പ്രൊജക്ട് നമ്പറിനൊപ്പം ഗുണഭോക്താക്കളുടെ ആധാർ നമ്പർ, വീട് നമ്പർ, അക്കൗണ്ട് നമ്പർ എന്നിവ ഉൾപ്പെടുത്തേണ്ടതാണ്. തുടർ വർഷങ്ങളിലെ ഉപയോഗത്തിനായി ടി രജിസ്റ്റർ സ്ഥിരമായി സൂക്ഷിക്കേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും പഞ്ചായത്ത് കമ്മിറ്റിയുടെയും ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.
ഇപ്രകാരം ആനുകൂല്യങ്ങൾ കൈപ്പറ്റിയവർ തന്നെ വീണ്ടും ഇവ കൈപ്പറ്റുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനായി എന്ത് ക്രമീകരണമാണ് നിലവിലുള്ളത് എന്ന വിവരം അറിയിക്കേണ്ടതാണ്. ഗുണഭോക്താക്കളുടെ ആധാർ നമ്പർ ബന്ധപ്പെടുത്തി ആയത് സോഫ്റ്റ്‌വെയർ ക്രമീകരണം വഴി നിയന്ത്രിക്കുന്നതിന്റെ ആവശ്യകതയും സാധ്യതയും സർക്കാരിനെ ബോധ്യപ്പെടുത്താവുന്നതാണ്.

## 1-28 സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - പ്രാവർത്തികമാകുന്നില്ല

സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - പ്രവർത്തനം നടപ്പിലാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20/28.10.23) മറുപടി ലഭ്യമാക്കിയില്ല.

| | |
|---|---|
| പദ്ധതിയുടെ നം. / പേര് | 44/2022-23/ സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം |
| ഫണ്ട്, അടങ്കൽ | തനത് ഫണ്ട് 2,04,900/- |
| ചെലവ്- ആകെ - 2,04,900/-<br>ബിൽ നം.,ചെക്ക് നം./തീയതി / തുക | 1,42,900/-<br>109198/17.06.22<br>62,000/-<br>115449/29.10.22 |
| നിർവഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം എന്ന പേരിൽ മാലിന്യ ശേഖരണം സംബന്ധിച്ച ഓൺലൈൻ നിരീക്ഷണത്തിനായിട്ടാണ് മേൽ പദ്ധതി പ്രകാരം തുക ചെലവഴിച്ചിട്ടുള്ളത്. ഇതിനായി കെൽട്രോണുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കെൽട്രോണിൽ നിന്ന് ഒരു ലാപ്ടോപ്പും ഇതിനായി ലഭ്യമായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട മറ്റൊരു പ്രൊജക്ടായ സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം കസ്റ്റമർ എൻറോൾമെന്റ് പ്രവർത്തനങ്ങൾ (പ്രൊ.നം. 322/22-23) എന്നത് പ്രകാരം ഗ്രാമ പഞ്ചായത്തിലെ വീടുകളിൽ QR Code (Quick Response Code) പതിപ്പിക്കുന്ന പ്രവർത്തനവും നടത്തുകയുണ്ടായി. ഇതിനായി 83,310/- രൂപ (Ch. No. 121916/31.03.23) ഹരിതകർമ്മ സേന പ്രവർത്തകർക്ക് നൽകിയിട്ടുണ്ട്.
പദ്ധതി പ്രകാരം (44/2022-23) വാങ്ങിയ ലാപ്ടോപ്പിൽ "ഹരിതമിത്രം ആപ്പ്" ഇൻസ്റ്റാൾ ചെയ്ത് ഹരിതകർമ്മസേനയുടെ മാലിന്യ ശേഖരണം സംബന്ധിച്ച് ഓൺലൈൻ നിരീക്ഷണം നടത്തുന്നതിനാണ് ലക്ഷ്യം വച്ചിട്ടുള്ളത്.

ഇപ്രകാരമുള്ള നിരീക്ഷണം നടത്തുന്നത് എങ്ങനെ എന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുപ്രകാരം

ലാപ്ടോപ്പിൽ "ഹരിതമിത്രം ആപ്പ്" ഇൻസ്റ്റാൾ ചെയ്യതും ആയതിന്റെ ഉപയോഗവും വിശദീകരിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥയും നിലവിൽ ഇതിനായി ചുമതലപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടറും ശ്രമിക്കുകയുണ്ടായി. എന്നാൽ ലാപ്ടോപ്പിൽ "ഹരിതമിത്രം ആപ്പ്" ഇൻസ്റ്റാൾ ചെയ്യത് നഷ്ടപ്പെട്ടുപോയെന്നും ആയത് വീണ്ടും ഇൻസ്റ്റാൾ ചെയ്ത് ഉപയോഗിച്ച് കാണിക്കാമെന്നും അറിയിക്കുകയുണ്ടായി. മേൽ രണ്ട് പ്രൊജക്ടുകൾ പ്രകാരം ചെലവഴിച്ച തുകകൾ (2,04,900 + 83,310 = 2,88,210 ) നിലവിൽ പ്രയോജനപ്പെടുന്നില്ല എന്നാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റത്തിന്റെ മോണിറ്ററിംഗ് ചുമതല നൽകിയിരിക്കുന്നത് ആർക്കൊക്കെ ആണെന്നും ആയത് സംബന്ധിച്ച് ഓഫീസ് ഓർഡർ നിലവിലുണ്ടെങ്കിൽ ആയതിന്റെ രേഖകളും ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

ഹരിതകർമ്മ സേന പ്രവർത്തകർ മാലിന്യശേഖരണം നടത്തുന്നതിന്റെ വാർഡ്തല നിരീക്ഷണം, ഓൺലൈൻ ഡേറ്റ രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ടെങ്കിൽ ആയത് ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്. നിലവിൽ സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം ഏതു രീതിയിൽ ആണ് ഗ്രാമപഞ്ചായത്തിൽ പ്രയോജനപ്പെടുത്തുന്നത് എന്ന വിവരവും ലഭ്യമാക്കേണ്ടതാണ്. വടയമ്പാട്ടുമല പാർക്കിലെ പുതുതായി നിർമ്മിച്ച ടോയ്‌ലറ്റ് കോംപ്ലക്സിലും പകൽവീടിനുള്ളിലും അതിന്റെ കോമ്പൗണ്ടിലും മാലിന്യം കുത്തിനിറച്ചിരിക്കുന്നതായാണ് സൈറ്റ് പരിശോധനയിൽ ഓഡിറ്റിന് കാണാൻ കഴിഞ്ഞത്. പ്രസ്തുത "മാലിന്യം" സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റത്തിന്റെ ശ്രദ്ധയിൽ പെടുത്തിയിരുന്നോ എന്നും ആയതിൽ സ്വീകരിച്ച തുടർ നടപടിയും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മാലിന്യ ശേഖരണം മുതൽ ആയതിന്റെ അന്തിമ നീക്കം വരെയുള്ള വിവരങ്ങൾ മോണിറ്ററിംഗിൽ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും ആരോഗ്യകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും പഞ്ചായത്ത് കമ്മിറ്റിയുടെയും ശ്രദ്ധയിൽ പെടുത്തുന്നു.

മേൽ വിവരങ്ങൾ ലഭ്യമാക്കി സിസ്റ്റത്തിന്റെ പ്രവർത്തനം വിജയകരമായി നടപ്പിലാക്കുന്നതുവരെ ഇതിനായി ചെലവഴിച്ച തുകയായ 2,88,210/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-29 ഭവന പദ്ധതി പ്രകാരം നിർമ്മിച്ച വീടുകൾക്ക് Unauthorised (U/A)കെട്ടിട നമ്പർ

അമൃതകുടീരം - ലൈഫ് ഭവന പദ്ധതി പ്രകാരം നിർമ്മിച്ച വീടുകൾക്ക് Unauthorised കെട്ടിട നമ്പർ (U/A) നൽകുവാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.37/30.10.23) മറുപടി ലഭ്യമാക്കിയില്ല.

| | |
|---|---|
| പദ്ധതിയുടെ നം. / പേര് | 35/2022-3/SO അമൃതകുടീരം - ലൈഫ് ഭവന പദ്ധതി |
| ഫണ്ട്, അടങ്കൽ<br>ആകെ - 4,09,20,000/- | 88,00,000/- കേന്ദ്രവിഹിതം<br>86,00,000/-സംസ്ഥാന വിഹിതം<br>10,00,000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>10,00,000/- ജില്ലാ പഞ്ചായത്ത് വിഹിതം<br>2,15,20,000/- മറ്റുള്ളവ |
| ചെലവ്- | ആകെ - 76,17,412/-<br>15,00,000/- സംസ്ഥാന വിഹിതം<br>8,77,412/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>52,40,000/- മറ്റുള്ളവ |
| നിർവഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനായി മുൻവർഷങ്ങളിൽ ചെലവഴിച്ചതിന്റെ തുടർച്ചയായി, മേൽ വിവരിച്ചതു പ്രകാരം, വിവധ ഫണ്ടുകളിൽ നിന്നായി തുകകൾ ചെവലഴിച്ചിട്ടുണ്ട്. ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ളവയ്ക്കായാണ് തുക ചെവലഴിച്ചിട്ടുള്ളത്. ആയവയിൽ ഭവന നിർമ്മാണം പൂർത്തീകരിച്ചവയുടെ കെട്ടിട നമ്പറുകൾ പരിശോധിച്ചതിൽ ചില കെട്ടിടങ്ങൾക്ക് അനധികൃത (Unauthorised) കെട്ടിട നമ്പർ ആണ് ലഭ്യമായിട്ടുള്ളത്. Unauthorised നിർമ്മാണത്തിന് സർക്കാർ ഫണ്ട് വിനിയോഗിച്ചതിന്

വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പദ്ധതിനടത്തിപ്പിന്റെ തുടക്കത്തിൽ മേൽ കെട്ടിടങ്ങൾക്ക് നിർമ്മാണ അനുമതി ലഭ്യമാക്കിയിരുന്നോ എന്നത് അറിയിക്കേണ്ടതും ഉണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതുമാണ്.

കെട്ടിട നമ്പറുകൾ ചേർക്കുന്നു

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കെട്ടിട നമ്പർ |
|---|---|---|
| 1 | ചന്ദ്രൻ ഡി. | XIII/172/V(U/A) |
| 2 | ഗോപാലകൃഷ്ണൻ പി.കെ. | XIII/172/M ( U/A) |
| 3 | ശാരദ എസ്. | XIII/172/C( U/A) |
| 4 | മനോഹരൻ ഒ.കെ. | XIII/172/F ( U/A) |
| 5 | അജിത് ഗിരീഷ് | XIII/172/L ( U/A) |
| 6 | മല്ലികാ വേലായുധൻ | XIII/172/I ( U/A) |
| 7 | അംബുജൻ | XIII/172/J ( U/A) |
| 8 | വിജയകുമാർ | കെട്ടിട നമ്പർ ലഭ്യമാക്കേണ്ടതാണ്. |
| 9 | സുലോചന / ജയരാജ് എം.ആർ | XIII/172/O( U/A) |
| 10 | സായ് ലതീഷ് | XIII/204( U/A) |
| 11 | സെൽവി മണിക്കുട്ടൻ | XIII/121/315( U/A) |
| 12 | മിനി തങ്കപ്പൻ | XIII/172/S ( U/A) |
| 13 | ശ്രീദേവി കെ.വി. | കെട്ടിട നമ്പർ ലഭ്യമാക്കേണ്ടതാണ്. |
| 14 | എ.ആർ ബാബു | XIII/172/Y ( U/A) |
| 15 | ഷീന സുദേവൻ | XIII/172/ A .A.( U/A) |
| 16 | ഐഷ ബീവി | XIII/172/X( U/A) |

1-30 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

പി. എം. എ. വൈ. വിഹിതം

| പദ്ധതിയുടെ നം. / പേര് | 268/2022-3/പി. എം. എ. വൈ. വിഹിതം ( ജനറൽ) | 40/2022-3/so/പി. എം. എ. വൈ. വിഹിതം ( SC) |
|---|---|---|
| ഫണ്ട്, അടങ്കൽ | 2,00,000/-(Dev. Gen.)<br>4,30,000/-( O F) | 1,15,000/- ( SCP) |
| ചെലവ്- 2,80,000/-<br>ബിൽ നം. തീ | (1) 2,00,000/- (Dev.gen.)<br>[247/5.1.23 – 1,40,000 +<br>364/16.02.23-60,000/-]<br>(2)80,000/-(തനത് ഫണ്ട്)<br>[70000 + 10000<br>121859/03.03.23, 14892/25.03.23] | 1,15,000/- ( SCP) |
| നിർവഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

മേൽ ചെലവുകളുടെ വിനിയോഗ സാക്ഷ്യപത്രവും ചെക്ക് നമ്പർ/തീയതി എന്നിവയും ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20/28.10.23) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രവും ചെക്ക് വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ ചെലവ് തുക ₹3,95,000/- (2,80,000+1,15,000) തടസ്സപ്പെടുത്തുന്നു.

1-31 മൺ ചട്ടിയിൽ പച്ചക്കറിതൈ വിതരണം - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ നിർവഹണം, അധികച്ചെലവ്.

ഈ പദ്ധതിക്കായി താഴെ ചേർക്കും പ്രകാരം കൃഷി ഓഫീസർ തുക ചെലവഴിച്ചിട്ടുണ്ട് .

പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ സർക്കാർ നിർദേശങ്ങൾക്ക വിരുദ്ധമായി തുക ചെലവഴിച്ചതായാണ് കാണുന്നത്. വിവരങ്ങൾ ചേർക്കുന്നു. മേൽ പദ്ധതിക്കായി വാങ്ങിയ ചട്ടികളുടെ ഇൻവോയ്സ് പ്രകാരം (നം.E-421/22-23/17.02.2023, Kerala Agro Industries Corporation LTD. Athani) 3,75,000/- രൂപയുടെ വാങ്ങൽ ആണ് നടത്തിയിട്ടുള്ളത്. പദ്ധതി മാർഗ്ഗരേഖ സ.ഉ. കൈ നം. 115/2022/തസ്വഭവ തീയതി 28.05.22പ്രകാരം (6.1 കൃഷി) ഈ പദ്ധതിക്കായി നൽകാവുന്ന സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി എന്നത് ചെലവിന്റെ 75% ആണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/28.10.23) മറുപടി ലഭ്യമാക്കിയില്ല. 1,18,750/- രൂപയുടെ അധിക ചെലവിന് വിശദീകരണം ലഭ്യമാക്കാത്തതിനാൽ 1,18,750/- രൂപയുടെ ചെലവ് തുക നിരാകരിക്കുന്നു. വിശദവിവരം ഭാഗം 3 ൽ ഖണ്ഡിക 3-2 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

1-32 സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ - സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | സ്കൂളുകൾക്ക് ഫർണ്ണിച്ചർ വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നം / വർഷം | 288/23 |
| അടങ്കൽ തുക / ഫണ്ട് | 18,49,951/- (മറ്റുള്ളവ) |
| ചെലവ് തുക/ ബിൽ നം. തീയതി | 18,49,951/- ചെക് നം 854476 തീ. 3.11.2022 |

വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 2022-23 വർഷം നടപ്പാക്കിയ സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ എന്ന പ്രോജക്ട് പരിശോധനയ്ക്കായി ചുവടെ ചേർക്കുന്ന വിശദാംശം ഹാജരാക്കിയില്ല :-

1. ഓരോ സ്കൂളിനും ഫർണിച്ചറിന്റെ ആവശ്യകത സംബന്ധിച്ച സാക്ഷ്യപത്രം
2. സ്റ്റോക്ക് രജിസ്റ്റർ- ഓരോ സ്കൂളും ഫർണിച്ചർ കൈപ്പറ്റിയതിന്റെ വിതരണ രേഖ.

ഓഡിറ്റ് എൻക്വയറി (നം.13/26.10.203ൃ23) മുഖേന വിശദാംശങ്ങൾ ഹാജരാക്കുന്നതിനായി ആവശ്യപ്പെട്ടെങ്കിലും മറുപടി ഹാജരാക്കുകയോ രേഖകൾ ലഭ്യമാക്കുകയോ ചെയ്തില്ല. സി.എസ്.ആർ. ഫണ്ട് വിനിയോഗമായാലും പ്രോജക്ടിനോടൊപ്പം ആവശ്യമായ രേഖകൾ സൂക്ഷിക്കേണ്ടതും പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്.

1-33 വാറന്റി കാലയളവിനുള്ളിൽ തെരുവു വിളക്ക് പരിപാലനത്തിനായി തുക ചെലവഴിച്ചു - അപാകതകൾ

വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 2020-21 വർഷം വിവിധ പ്രോജക്ടുകളിലായി 75 ലക്ഷത്തിലധികം രൂപ സിഡ്കോയ്ക്ക് വിവിധ പ്രോജക്ടുകൾ പ്രകാരം തെരുവു വിളക്ക് വാങ്ങലിനായി തുക ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം വാങ്ങിയ തെരുവു വിളക്കുകളുടെ വാറന്റി കാലയളവ് മൂന്ന് വർഷമാണ്. ഈ കാലയളവിനുള്ളിലാണ് 2022-23 വർഷം തെരുവു വിളക്ക് പരിപാലനത്തിനായി പ്രോജക്ട് അംഗീകാരം നേടിയും നേടാതെയും തുക ചെലവുചെയ്തിട്ടുള്ളത്. ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

**I.** തെരുവു വിളക്കുകളുടെ സ്ഥാപിക്കൽ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | തെരുവു വിളക്ക് സ്ഥാപിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നം / വർഷം | 173/23 |
| അടങ്കൽ തുക / ഫണ്ട് | 25,00,000/- (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| ചെലവ് തുക/ ബിൽ നം തിയതി | 8,71,203/- ബിൽ നം 538തി. 29.3.2023 |

വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 2022-23 വർഷം തെരുവു വിളക്ക് സ്ഥാപിക്കുന്നതിനായി നടപ്പാക്കിയ പ്രോജക്ടാണിത്. ഈ പ്രോജക്ടിന്റെ നടത്തിപ്പിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധിക്കപ്പെട്ടു, ഈ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. സ്ഥാപിക്കേണ്ട തെരുവു വിളക്കുകളുടെ ആകെ എണ്ണം ടെൻഡർ ഷെഡ്യൂളിൽ പ്രസ്താവിക്കാതെയാണ് 25,00,000/- രൂപ അടങ്കൽ നിശ്ചയിച്ച് ടെൻഡർ ക്ഷണിച്ചത്. ആകെയുള്ള തെരുവു വിളക്കുകളുടെയും, സ്ഥാപിക്കേണ്ട തെരുവു വിളക്കുകളുടെയും എണ്ണം സംബന്ധിച്ച് കെ.എസ്.ഇ.ബി.യുമായി സംയുക്ത പരിശോധന നടത്തിയ റിപ്പോർട്ട് പരിശോധനയ്ക്കായി ഹാജരാക്കുന്നതിനായി ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയില്ല.

2. സ്പോൺസർഷിപ്പിലൂടെ സ്ഥാപിക്കുന്ന തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല.

3. ഹാജരാക്കിയ ഫയൽ പ്രകാരം 3 ടെൻഡറുകളാണ് ഉള്ളത്. ഇതിൽ ടെൻഡർ അംഗീകരിച്ച കമ്പനിയായ ഉഷസ് എനർജി സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ടെൻഡറിൽ തുക രേഖപ്പെടുത്തിയിട്ടില്ല. മറ്റ് രണ്ട് ടെൻഡറുകളിൽ കുറവ് (1950/-) രേഖപ്പെടുത്തിയ സ്ഥാപനത്തിനേക്കാളും ഒരു രൂപ കുറവ് (1949/-) നിരക്കിൽ ഉഷസ് എനർജി സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. ഈ നടപടിയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10 തീ.25.10.23) മറുപടിയായി ക്വാളിറ്റി കണക്കിലെടുത്ത് തുക ചെലവഴിച്ചതാണെന്ന് അറിയിച്ചു.
4) മുൻവർഷം വാങ്ങിയ തെരുവ് വിളക്കുകളുടെ വാറന്റി കാലയളവ് മൂന്ന് വർഷമാണ് ഈകാലയളവിനുള്ളിലാണ് തെരുവ് വിളക്ക് വാങ്ങലിനായി തുക ചെലവഴിച്ചിട്ടുള്ളത്.

**II.** പ്രോജക്റ്റ് തയ്യാറാക്കാതെ തുക ചെലവ് ചെയ്യുന്നു

പ്രോജക്റ്റ് തയ്യാറാക്കി അംഗീകാരം നേടാതെ തനത് ഫണ്ടിൽ നിന്നും തെരുവ് വിളക്ക് പരിപാലനത്തിനായി തുക ചെലവ് ചെയ്യുന്നു. ഇതിന് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.35 തീ.30.10.23) മറുപടിയായി 2020-21 വർഷം വിവിധ പ്രോജക്റ്റുകളിലായി 75 ലക്ഷത്തിലധികം രൂപ സിഡ്കോയ്ക്ക് ചെലവഴിച്ചതിന്റെ റീടെൻഷൻ പിടിച്ച തുകയാണ് 2022-23 വർഷം പ്രോജക്റ്റ് തയ്യാറാക്കാതെ തുക ചെലവ് ചെയ്തത് എന്ന മറുപടി നല്കി. എന്നാൽ ഇത്ര വലിയ തുക ചെലവഴിച്ച് തെരുവ് വിളക്ക് വാങ്ങിയതിന്റെ രേഖകൾ, അത്രയും തെരുവ് വിളക്കിന്റെ ആവശ്യകത, അവ സ്ഥാപിച്ചതിനായി കെ എസ് ഇ ബിയിൽ നിന്നുള്ള സാക്ഷ്യപത്രം ഇവ ഹാജരാക്കിയില്ല. മുൻവർഷങ്ങളിൽ തെരുവ് വിളക്ക് സ്ഥാപനം നടത്തിയത് സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തേണ്ടതാണ്. കൂടാതെ തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾക്ക് പ്രോജക്റ്റ് തയ്യാറാക്കി അംഗീകാരം നേടേണ്ടതാണ്. കൃത്യമായ രേഖകളുടെ അഭാവത്തിൽ 5,28,962 /- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദാംശം ചുവടെ ചേർക്കുന്നു :-

| ക്രമ നം. | വൗച്ചർ നം. | തുക | ചെക് നം. /തീയതി | വിഷയം |
|---|---|---|---|---|
| 1 | 22200037 | 97820 | 106130/24.4.2022 | തെരുവ് വിളക്ക് പരിപാലനം |
| 2 | " 37 | 166661 | " | " |
| 3 | - | 97820 | 115621/8.2.2023 | " |
| 4 | - | 166661 | " | " |
| | ആകെ | 5,28,962 | | |

**III.** തെരുവ് വിളക്കുകൾക്ക് എ.എം.സി.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | തെരുവ് വിളക്കുകൾക്ക് എ.എം.സി. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നം / വർഷം | 117/23 |
| അടങ്കൽ തുക / ഫണ്ട് | 4,99,000/- (തനത് ഫണ്ട് ) |
| ചെലവ് തുക/ ബിൽ നം തിയതി | 3,32,666/-<br>1)1,66,333/-ചെക് നം 108130തി. 25.4.2022<br>2)1,66,333/-ചെക്  നം 109321തി. 22.9.2022 |

തെരുവ് വിളക്കുകളുടെ എ.എം.സി. ഇനത്തിലെ ചെലവ് സംബന്ധിച്ച ബില്ലുകളും മെയിന്റനൻസ് ചെയ്ത തെരുവ് വിളക്കുകളുടെ വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയ ലിസ്റ്റുകളും പരിശോധനയ്ക്ക് ഹാജരാക്കിയെങ്കിലും തെരുവ് വിളക്കുകൾ സംബന്ധിച്ച രജിസ്റ്ററുകൾ ഹാജരാക്കാത്തതിനാൽ മുൻവർഷങ്ങളിൽ വാങ്ങിയ തെരുവുവിളക്കുകളുടെ വാറന്റി കാലയളവിനുള്ളിൽ ഉൾപ്പെടുന്നതാണോ ഇത് എന്ന് വ്യക്തതയില്ല. മാത്രമല്ല ഈ കാലയളവിൽ പ്രോജക്റ്റ് അംഗീകാരം നേടാതെയും തുക ചെലവഴിച്ചിട്ടുള്ളതാണ്. തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തി എണ്ണം കൃത്യമയി രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും അതിൻ പ്രകാരം തെരുവ് വിളക്ക് പരിപാലത്തിനായി തുക ചെലവ് ചെയ്യേണ്ടതുമാണ്.

1-34 ദിശ വിദ്യാഭ്യാസ പദ്ധതി- -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 278/23 |
| പേര് | ദിശ-സമഗ്ര വിദ്യാഭ്യാസ പദ്ധതി |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ്,ഗവ.യു.പി.സ്കൂൾ,പുത്തൻകുരിശ് |
| അടങ്കൽ | 550000/-(തനത് ഫണ്ട്) |
| ചെലവ് | 550000/-<br>(ചെക്ക് നമ്പർ-109297/29.8.22,തുക-100000/-, |

| | |
|---|---|
| | ചെക്ക് നമ്പർ-113860/21.10.22,തുക-100000/-, ചെക്ക് നമ്പർ-115528/14.12.22,തുക-100000/-, ചെക്ക് നമ്പർ-115623/10.02.23,തുക-250000/-) |

പഞ്ചായത്ത് പരിധിയിലെ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി 2022-23 വർഷം നടപ്പിലാക്കിയതാണ് ദിശ പദ്ധതി. സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ,തീയതി.28.5.22 സബ്സിഡി മാർഗരേഖ പ്രകാരം നടപ്പിലാക്കാൻ സാധിക്കാത്ത പ്രൊജക്റ്റ് ആണ്. സബ്സിഡി മാർഗരേഖയിൽ ഇത്തരത്തിലൊരു പ്രൊജക്റ്റിനെ കുറിച്ച് പരാമർശിച്ചിട്ടില്ല. വിദ്യാഭാസ വകുപ്പ്, സമഗ്ര ശിക്ഷ കേരളം എന്നിവ വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി പൊതു വിദ്യാലയങ്ങളിൽ നിരവധി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്ന സാഹചര്യത്തിലും പഞ്ചായത്ത് എസ്.എസ്.കെ. വിഹിതമായി വലിയൊരു തുക പ്രതിവർഷം ചെലവഴിക്കുന്ന സാഹചര്യത്തിലും ടി പ്രൊജക്റ്റ് ഏറ്റെടുത്ത് നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സബ്സിഡി മാർഗരേഖയിൽ പ്രതിപാദിക്കാത്ത പ്രൊജക്റ്റുകൾ നൂതന പ്രൊജക്റ്റുകളായി ഏറ്റെടുത്ത് ഇതിനായി രൂപീകരിച്ച ജില്ലാതല വിദഗ്ധ സമിതിയുടെ അനുമതിയോടെ സബ്സിഡി നൽകാവുന്നതാണ്. സബ്സിഡി മാർഗരേഖയിൽ പ്രതിപാദിക്കാത്തതും നൂതന പ്രൊജക്റ്റുകളായി കണക്കാക്കാൻ കഴിയാത്തവയുമായ പ്രൊജക്റ്റുകൾ നടപ്പിലാക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്(സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 5 ലെ നിർദേശം). ഇത്തരത്തിലുള്ള യാതൊരു അനുമതിയും വാങ്ങാതെയാണ് പ്രൊജക്റ്റ് നടപ്പിലാക്കിയത്.

പ്രൊജക്റ്റ് രൂപീകരണ ഫോറം, ക്യാഷ് ബുക്ക് എന്നിവ നിർവ്വഹണോദ്യോഗസ്ഥ ഹാജരാക്കിയില്ല. പഞ്ചായത്തിൽ നിന്നും ലഭ്യമായ സാംഖ്യ ബില്ലുകൾ പ്രകാരം 550000/- രൂപയാണ് നിർവ്വഹണോദ്യോഗസ്ഥയായ പുത്തൻകുരിശ് ഗവ.യു.പി.സ്കൂൾ ഹെഡ്മിസ്ട്രസിന്റെ പേരിലുള്ള, UBI പുത്തൻകുരിശ് ശാഖയിലെ 338802010111574 നമ്പർ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുള്ളത്. ഇത് ദിശ പദ്ധതിക്കായുള്ള പ്രത്യേകം ബാങ്ക് അക്കൗണ്ട് ആണോയെന്ന് വ്യക്തമല്ല. ടി ബാങ്ക് അക്കൗണ്ടിൽ നിന്നും ഹെഡ്മിസ്ട്രസ് സെൽഫ് ചെക്ക് മുഖേന വിവിധ തവണകളായി തുക പിൻവലിച്ചിട്ടുണ്ട്. ടി തുകകൾ ക്യാഷായി നേരിട്ട് പ്രൊജക്റ്റ് നിർവ്വഹണത്തിന്റെ ഭാഗമായി ഹെഡ്മിസ്ട്രസ് ചെലവഴിക്കുകയാണ് ചെയ്തത്. 2,000/- രൂപയ്ക്ക് മുകളിലുള്ള തുകകൾ ബാങ്ക് ട്രാൻസ്ഫർ മുഖേന ബെനിഫിഷ്യറിക്ക് നൽകണമെന്നുള്ള സർക്കാർ ഉത്തരവുണ്ടായിട്ടും ഹെഡ്മിസ്ട്രസ് ക്യാഷായി തുക പിൻവലിച്ച് വിതരണം നടത്തുകയാണ് ചെയ്തത്. എന്നാൽ ഏതെല്ലാം തീയതികളിലാണ് തുക പിൻവലിച്ചതെന്നും ഓരോ തവണ പിൻവലിക്കുന്ന തുകയും എന്തെല്ലാം ആവശ്യങ്ങൾക്കായി ചെലവഴിച്ചു എന്നും ഏതെല്ലാം തീയതികളിൽ ആർക്കൊക്കെ നൽകി എന്നും വിശദീകരിക്കുന്ന ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. പകരം വിവിധ ബില്ലുകളും വൗച്ചറുകളും ഒരുമിച്ച് സൂക്ഷിച്ചിരിക്കുന്നതാണ് ഓഡിറ്റിൽ ഹാജരാക്കിയത്. വിവിധ സാധനങ്ങൾ വാങ്ങിയ ബില്ലുകൾ ഉണ്ടെങ്കിലും സാധനങ്ങളുടെ വില ആർക്കാണ് ലഭിച്ചതെന്നു സൂചിപ്പിക്കുന്ന കൈപ്പറ്റ് രേഖകൾ പോലും സൂക്ഷിച്ചിട്ടില്ല. ഒരു വെള്ളക്കടലാസിൽ വരവും ചെലവും എഴുതി ഓഡിറ്റിൽ ഹാജരാക്കിയെങ്കിലും ടി സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് 5,50,000/- രൂപയും ചെലവ് 5,56,966/- രൂപയും നീക്കിയിരിപ്പ് 0 എന്നുമാണ് കാണിച്ചിട്ടുള്ളത്. വരവിനേക്കാൾ കൂടുതൽ എങ്ങനെ ചെലവ് വന്നു എന്ന് വിശദീകരിക്കപ്പെട്ടിട്ടില്ല. മുൻ വർഷങ്ങളിൽ പഞ്ചായത്ത് ദിശ പദ്ധതിക്ക് നൽകിയ തുകകളിൽ എത്ര തുക നീക്കിയിരിപ്പ് ഉണ്ടെന്നും വ്യക്തമല്ല. പാസ്ബുക്ക് പ്രകാരം അക്കൗണ്ടിൽ 31.3.23ൽ 1,77,419/- രൂപ നീക്കിയിരിപ്പ് ഉണ്ട്. ഇതിൽ 27.6.22 ൽ മുത്തൂറ്റ് ഫിനാൻസ് നൽകിയ 30,000/- രൂപ ഉൾപ്പെടുന്നുണ്ട്.

ദിശ പദ്ധതി പ്രകാരം തുക ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കിയതു പരിശോധിച്ചതിൽ മികവ് കേന്ദ്രം സന്ദർശനം എന്ന പേരിൽ 31,830/- രൂപ ചെലവഴിച്ചതായി കാണിച്ചിട്ടുണ്ട്. എൻ.എസ്.എസ്. എൽ.പി. സ്കൂൾ കാപ്പ്, ജി.എൽ.പി.എസ്. കടവൂർ എന്നീ സ്കൂളുകൾ വിവിധ അധ്യാപകർ 20.01.23ൽ സന്ദർശിച്ചതിനും ഭൂതത്താൻ കെട്ട് ഡാമിൽ ബോട്ട് യാത്ര നടത്തിയതിനുമാണ് തുക ചെലവഴിച്ചത്. ബോട്ട് യാത്രയ്ക്ക് 6,000/-രൂപ ചെലവായതായി കാണിച്ച് ഹെഡ്മിസ്ട്രസ് വൗച്ചർ ഒപ്പിട്ടിട്ടുണ്ട്. എന്നാൽ തുക ചെലവായതിന്റെ രേഖകൾ ഒന്നുമില്ല. ഇപ്രകാരം പഞ്ചായത്ത് ഫണ്ട് ചെലവഴിച്ച് ഉല്ലാസ യാത്ര നടത്തുന്നത് അഭിലഷണീയമായ കാര്യമല്ല. മികവിന്റെ കേന്ദ്രങ്ങൾ സന്ദർശിച്ചതല്ലാതെ അവിടെ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങളൊന്നും തന്നെ പഞ്ചായത്ത് പരിധിയിലുള്ള സ്കൂളുകളിൽ നടപ്പിലാക്കിയതായി കാണുന്നില്ല. ഇതിൽ നിന്നും യാത്ര ലക്ഷ്യം നേടിയില്ലെന്ന് വിലയിരുത്താവുന്നതാണ്.

പദ്ധതി മാർഗരേഖയ്ക്കു വിരുദ്ധമായി പ്രൊജക്റ്റ് നടപ്പിലാക്കിയതിനാലും ചെലവ് രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ലാത്തതിനാലും ചെലവ് തുക 5,50,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മാർഗരേഖയ്ക്ക് വിരുദ്ധമായി പ്രൊജക്റ്റ് രൂപീകരിച്ച് നിർവ്വഹണം നടത്തിയതിനാൽ ചെലവിന് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.39/30.10.23) ഹെഡ്മിസ്ട്രസ് മറുപടി ലഭ്യമാക്കിയില്ല.

## 1-35 ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ - സാമൂഹ്യനീതി വകുപ്പിൽ നിന്നുമുള്ള അംഗീകാരം ലഭിച്ചിട്ടില്ല - മറ്റ് പരാമർശങ്ങൾ

ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പാലിക്കേണ്ട മാർഗരേഖ അംഗീകരിച്ച് സ.ഉ(കൈ.) നം.144/2013/ത.സ്വ.ഭ.വ. തീയതി 06.4.2013 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് ദേശീയ വികലാംഗജന നിയമമനുസരിച്ചുള്ള അംഗീകാരം

സ്ഥാപനം ആരംഭിച്ച് 6 മാസത്തിനകം നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിച്ച് സാമൂഹ്യ നീതി ഡയറക്ടറിൽ നിന്നും വാങ്ങേണ്ടതാണ്. ജി.ഓ.(എം.എസ്) നം.28/2013/SJD, തീ. 25.6.2013 പ്രകാരം സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ, രജിസ്ട്രേഷൻ പുതുക്കൽ എന്നിവയ്ക്കുള്ള നടപടിക്രമങ്ങൾ വിശദമാക്കുന്ന മാർഗരേഖ അംഗീകരിച്ച് കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അംഗീകാരത്തിനുള്ള അപേക്ഷ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി സമർപ്പിക്കേണ്ടതാണ്. വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിൽ 08.6.2022 ൽ ആരംഭിച്ച് പ്രവർത്തിച്ചു വരുന്ന ബി.ആർ.സി.യ്ക്ക് ഇപ്രകാരമുള്ള അംഗീകാരം വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

സ്റ്റുഡന്റ് സ്റ്റാഫ് പാരന്റ് കമ്മറ്റി (എസ്.എസ്.പി.സി.) പി.ടി.എ. മാതൃകയിൽ എല്ലാ കേന്ദ്രങ്ങളിലും രൂപീകരിക്കണം. കൂടാതെ ബഡ്സ് സ്കൂൾ വികസന മാനേജ്മെന്റ് സമിതി മാതൃകയിൽ ബി.ആർ.സി.കൾക്ക് മാനേജിംഗ് കമ്മറ്റികൾ രൂപീകരിച്ച് ധർമ്മ സ്ഥാപന സംഘ നിയമം പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതും തദ്ദേശ സ്വയം ഭരണ സ്ഥാപനം ഇക്കാര്യത്തിൽ മുൻകൈ എടുക്കേണ്ടതുമാണ്. സ്ഥാപനത്തിൽ പി.ടി.എ. രൂപീകരിച്ചിട്ടുണ്ടെന്നും പി.ടി.എ.യുടെ പേരിൽ ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെന്നും അറിയിച്ചു. എന്നാൽ ബി.ആർ.സി. മാനേജിംഗ് കമ്മറ്റി രൂപീകരിക്കുകയോ ധർമ്മ സ്ഥാപന സംഘ നിയമം പ്രകാരം ബി.ആർ.സി.കൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

ബി.ആർ.സി.യുടെ കണക്കുകൾ ഡബിൾ എൻട്രി സിസ്റ്റത്തിൽ ആയിരിക്കണം. സ്റ്റുഡന്റ് സ്റ്റാഫ് പാരന്റ് കമ്മറ്റി, മാനേജ്മെന്റ് സമിതി തുടങ്ങിയവയ്ക്ക് പ്രത്യേകം കണക്കു സൂക്ഷിക്കേണ്ടതും മാനേജ്മെന്റ് സമിതി ഫണ്ട് ചാർട്ടേഡ് അക്കൗണ്ടന്റ് ഓഡിറ്റു ചെയ്യേണ്ടതുമാണ്. ഇപ്രകാരം പ്രത്യേകം കണക്കുകൾ സൂക്ഷിച്ചിട്ടുണ്ടോയെന്നും 2022-23 വർഷത്തെ കണക്കുകൾ ചാർട്ടേഡ് അക്കൗണ്ടന്റ് ഓഡിററ് ചെയ്തിട്ടുണ്ടോയെന്നും വ്യക്തമല്ല.

ബി.ആർ.സി.കളുടെ ഉദ്ദേശ്യ ലക്ഷ്യത്തിൽ ഒരെണ്ണം മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് തൊഴിൽ പരിശീലനം ലഭ്യമാക്കി സാധ്യമായ തൊഴിലിലേക്ക് നയിച്ച് വരുമാനം ഉള്ളവരാക്കി പരാശ്രയത്വം ഒഴിവാക്കുക എന്നുള്ളതാണ്. രക്ഷിതാക്കളുടെ അയൽക്കൂട്ട സംവിധാനം വഴി പ്രാദേശികമായി ലഭ്യമായ തൊഴിലുകൾ തിട്ടപ്പെടുത്തി പ്രസ്തുത തൊഴിലുകൾ ചെയ്യുവാൻ ഇവരെ പ്രാപ്തരാക്കി ഗ്രൂപ്പ് തൊഴിൽ, സ്വയം തൊഴിൽ, സ്ഥാപന തൊഴിൽ എന്നിവയിലേയ്ക്ക് നയിക്കണം. ലഭ്യമായ സാമ്പത്തിക സഹായങ്ങൾ സ്വീകരിച്ച് ഗാർഹിക സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രേരണ നൽകേണ്ടതാണ്. ഇപ്രകാരം തൊഴിൽ പരിശീലനം നൽകുന്നതിന് പരിശീലകനെ നിയമിച്ച് മേൽ സൂചിപ്പിച്ചതു പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. ബി.ആർ.സി.യുടെ അംഗീകാരം, നടത്തിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ആരാഞ്ഞു കൊണ്ട് നൽകിയ 42/31.10.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ഓഡിറ്റ് എൻക്വയറിയിൽ പരാമർശിച്ചിരിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കി അറിയിക്കുന്നതാണെന്ന് അസി.സെക്രട്ടറി മറുപടി ലഭ്യമാക്കി. ബി.ആർ.സി.യുടെ നടത്തിപ്പ് സംബന്ധിച്ച് ഖണ്ഡികയിൽ നിർദ്ദേശിച്ചിരിക്കുന്ന കാര്യങ്ങൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-35-1 ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ - ഡ്രൈവർക്ക് വാഹനവാടക ഇനത്തിൽ തുക അധികം നൽകി

| | |
|---|---|
| പ്രൊജക്ട് നമ്പർ | 22/23 |
| പേര് | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ ഭക്ഷണം മറ്റ് തുടർ ചെലവുകൾ |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.സെക്രട്ടറി |
| അടങ്കൽ | 680000/-(തനത് ഫണ്ട്) |
| ചെലവ് | 502799/- |

08.6.2022 മുതൽ വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിൽ പ്രവർത്തനം ആരംഭിച്ച ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിൽ 2022 ജൂൺ 9 മുതൽ കുട്ടികളുടെ ട്രാൻസ്പോർട്ടേഷനായി ഒരു ദിവസം 2,000/- രൂപ നിരക്കിൽ വാഹന സൗകര്യം ഏർപ്പെടുത്തി. വാഹന സൗകര്യം ഏർപ്പെടുത്തുന്നതിനായി വിളിച്ച

ക്വട്ടേഷൻ ലഭിച്ച ഷൈജു പി.കുര്യൻ, പൊല്ലയിൽ, പുറ്റമാനൂർ എന്ന വ്യക്തിക്ക് (വാഹനം- KL-39-J-6586 നമ്പരിലുള്ള ടെമ്പോ ട്രാവലർ ) 2022 ആഗസ്റ്റ്, 2023 ഫെബ്രുവരി മാസങ്ങളിൽ 2,000/- രൂപ വീതം ആകെ 4,000/- രൂപ വാഹന വാടക ഇനത്തിൽ അർഹതയുള്ളതിലും അധികമായി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ഭാഗം 3 ൽ ഖണ്ഡിക 3-1 ആയി ചേർത്തിട്ടുണ്ട്.

1-35-2 ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ - ടീച്ചർ, ആയ നിയമനം - അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 22/23 |
| പേര് | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ – ടീച്ചർ, ആയ – വേതനം |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.സെക്രട്ടറി |
| അടങ്കൽ | 5,05,735/-(തനത് ഫണ്ട്),<br>2,00,000/-(പൊതു വിഭാഗം വികസന ഫണ്ട്) |
| ചെലവ് | 5,05,735/-(തനത് ഫണ്ട്),<br>2,00,000/-(പൊതു വിഭാഗം വികസന ഫണ്ട്) |

2022 ജൂൺ 8 മുതൽ പ്രവർത്തനം ആരംഭിച്ച വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിലെ ജീവനക്കാരായ ശ്രീമതി മഞ്ജുൾ മേരി മാത്യു, ശ്രീമതി സിനി ജിഫി, ശ്രീമതി ലിസി ആന്റണി എന്നിവർക്ക് വേതനം നൽകുന്നതിനായി വിഭാവനം ചെയ്തതാണ് പ്രൊജക്റ്റ്. 7,05,735/-രൂപയാണ് ആകെ ചെലവഴിച്ചത്. പ്രൊജക്റ്റ് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

1) മേൽ ജീവനക്കാരുടെ സ്ഥിരം തസ്തിക ഏതാണെന്ന് പ്രൊജക്റ്റ് ഫയലിൽ സൂചിപ്പിച്ചിട്ടില്ല. എന്നാൽ ഹാജർ പുസ്തകം പരിശോധിച്ചതിൽ യഥാക്രമം ടീച്ചർ, ജൂനിയർ ടീച്ചർ, ഹെൽപ്പർ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ജീവനക്കാരുടെ ഹാജർ രേഖകളും നിയമനവുമായി ബന്ധപ്പെട്ട യാതൊരു രേഖകളും പ്രൊജക്റ്റ് ഫയലിൽ ഇല്ല. രേഖകളുടെ പകർപ്പ് ഫയലിൽ സൂക്ഷിക്കേണ്ടതാണ്. മഞ്ജുൾ മേരി മാത്യു, സിനി ജിഫി, ലിസി ആന്റണി എന്നിവർ നിയമനം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. Blank മുദ്രപ്പത്രങ്ങളാണ് ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

2) സ.ഉ(എം.എസ്)നം.20/2018/ത.സ്വ.ഭ.വ. തീയതി 07.02.2018 നമ്പർ ഉത്തരവു പ്രകാരം ഒരു ബി.ആർ.സി. ആരംഭിക്കുന്നതിന് നിർദ്ദിഷ്ട യോഗ്യതയുള്ള അധ്യാപകർ കുറഞ്ഞത് 2 പേർ വേണം. കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ 29.02.2020ലെ 1494/A3/2018/KSEKM നമ്പർ കത്ത് പ്രകാരം, റാങ്ക് ലിസ്റ്റിലെ മുൻഗണനാ ക്രമമനുസരിച്ച് മഞ്ജുൾ മേരി മാത്യു, തെക്കുമറ്റത്തിൽ വീട്, ഞാറല്ലൂർ എന്ന വ്യക്തിക്കാണ് നിയമന ശുപാർശ നൽകിയത്. രണ്ടാമത്തെ അധ്യാപികയുടെ തസ്തികയിലേക്ക് കുടുബശ്രീയിൽ നിന്നും നിയമന ശുപാർശ ലഭിച്ചിട്ടില്ല. യോഗ്യതയുള്ള ഒരു അദ്ധ്യാപികയെക്കൂടി കുടുംബശ്രീയ്ക്ക് കത്തു നൽകി പഞ്ചായത്തിന് നിയമിക്കാവുന്നതാണ്.

3) മേൽ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിലവിലെ അധ്യാപകരെ കൂടാതെ പ്രത്യേകം അധ്യാപകർ ആവശ്യമുള്ള ബഡ്സ്, ബി.ആർ.സി എന്നിവയിലേക്ക് കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തയ്യാറാക്കുന്ന അധ്യാപക ലിസ്റ്റിൽ നിന്നും മുൻഗണന ക്രമത്തിൽ തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർ നിയമനം നടത്തേണ്ടതാണ്. അധ്യാപകരുടെ ലീവ് തസ്തികകളിലേക്കും ഈ ലിസ്റ്റിൽ നിന്നും താല്ക്കാലിക നിയമനം നടത്താവുന്നതാണ്. 2018 ൽ കുടുംബശ്രീ പ്രസിദ്ധീകരിച്ചിരുന്നതും 2021 ആഗസ്റ്റ് മുതൽ ഡിസംബർ വരെ കാലാവധി ഉണ്ടായിരുന്നതുമായ റാങ്ക് ലിസ്റ്റുകളിൽ നിന്നും നാമമാത്രമായ നിയമനങ്ങൾ മാത്രമേ നടന്നിട്ടുള്ളൂ എന്നതിനാൽ കാലാവധി 2 വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് സ.ഉ.(സാധാ)നം.291/2022 /എൽ.എസ്.ജി.ഡി. തീ.09.02.22 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. മഞ്ജുൾ മേരി മാത്യു പ്രസവാവധിയിലായിരുന്ന 2022 ഏപ്രിൽ 10 മുതൽ 2022 ആഗസ്റ്റ് 8 വരെയുള്ള കാലയളവിൽ ടി റാങ്ക് ലിസ്റ്റിൽ നിന്നും താല്ക്കാലികമായി ടീച്ചർ തസ്തികയിൽ പഞ്ചായത്ത് നിയമനം നടത്തിയില്ല. പകരം ആയ തസ്തികയിൽ ജോലി ചെയ്തിരുന്ന സിനി ജിഫിയെ മഞ്ജുൾ മേരി മാത്യുവിന്റെ ഒഴിവിൽ പഞ്ചായത്ത് കമ്മറ്റി തീരുമാന

പ്രകാരം നിയമിക്കുകയാണ് ചെയ്തത്. മഞ്ജുൾ മേരി മാത്യു ലീവിന് ശേഷം ജോലിയിൽ പ്രവേശിച്ചെങ്കിലും സിനി ജിഫിയെ മുൻപ് ജോലി ചെയ്ത ആയ തസ്തികയിലേക്ക് തന്നെ നിയമിക്കാതെ അസി.ടീച്ചർ തസ്തികയിൽ നിയമിച്ച് സബ്സിഡി മാർഗരേഖയിൽ നൽകിയിരിക്കുന്ന വേതനം അനുവദിക്കുകയാണ് ചെയ്തത്. ഇത് ശരിയായ നടപടിയല്ല.

4) സ.ഉ.(കൈയ്യെഴുത്ത്)നം.144/2013/ത.സ്വ.ഭ.വ.,തീ. 08.4.2013 നമ്പർ ഉത്തരവു പ്രകാരം ആയ കം കുക്ക് തസ്തികയിൽ പത്താം ക്ലാസ് വരെ പഠിച്ച സേവന തല്പരരായവരെ നിയമിക്കാവുന്നതാണ്. ഇപ്രകാരം ലിസി ആന്റണി എന്ന വ്യക്തി ആയ തസ്തികയിൽ ജോലി ചെയ്യുന്നുണ്ട്. ടി തസ്തികയിൽ നിയമിതയായ വ്യക്തി ബഡ്സ് സ്കൂൾ കുട്ടികൾക്ക് ഭക്ഷണം പാകം ചെയ്തു നൽകേണ്ടതാണെങ്കിലും ക്വട്ടേഷൻ പോലും ക്ഷണിക്കാതെ ജനകീയ ഹോട്ടലിൽ നിന്നാണ് ഉച്ചഭക്ഷണം ഏർപ്പാടു ചെയ്തിട്ടുള്ളത്. ബഡ്സ് സ്കൂളിൽ കിച്ചൺ നിർമ്മിച്ചിട്ടുള്ളതിനാലും കുട്ടികളുടെ എണ്ണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിലും സ്കൂളിൽ തന്നെ ഭക്ഷണം പാകം ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കേണ്ടതാണ്.

## 1-36 കെട്ടിടങ്ങൾ ഉപയോഗിക്കാതെ പ്ലാസ്റ്റിക് മാലിന്യം നിറച്ച ചാക്കുകൾ സൂക്ഷിക്കാൻ ഉപയോഗിച്ചിരിക്കുന്നു - മിനി എം.സി.എഫ്-കൾ വാർഡുകളിൽ സ്ഥാപിച്ചിട്ടില്ല

കരിമുകൾ-പുത്തൻകുരിശ് റോഡിനു സമീപം സ്ഥിതി ചെയ്യുന്ന വടയമ്പാത്തുമല വ്യവസായ കേന്ദ്രം കെട്ടിടത്തിന്റെ നവീകരണ പ്രവൃത്തികൾ 2020-21 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി തനത് ഫണ്ടിൽ നിന്നും 4,99,893/- രൂപ ചെലവഴിച്ച് നടത്തിയിട്ടുള്ളതാണ്. 30.10.2013ൽ ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ ടി കെട്ടിടം തുറന്നു പ്രവൃത്തിക്കാതെ ഷട്ടറുകൾ ഇട്ടു കാണപ്പെട്ടു. കൂടാതെ കെട്ടിടത്തിനുള്ളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ചാക്കുകളിൽ അടുക്കി വെച്ചിട്ടുള്ളതായും കാണപ്പെട്ടു.

മേൽ പരാമർശിച്ച വ്യവസായ കേന്ദ്രം കെട്ടിടത്തിനോടു ചേർന്ന് 2021-22 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 13,19,843/-രൂപ ചെലവഴിച്ച് നിർമ്മിച്ചിട്ടുള്ള വടയമ്പാത്തുമല പൊതു ടോയ്‌ലറ്റ് സമുച്ചയം പൊതുജനങ്ങൾക്ക് ഉപയോഗത്തിനായി നാളിതു വരെയായും തുറന്നു കൊടുത്തിട്ടില്ല. 30.10.2023ലെ സ്ഥലപരിശോധനയിൽ ടി കെട്ടിടത്തിലും പ്ലാസ്റ്റിക് മാലിന്യം ചാക്കുകളിൽ കെട്ടി സൂക്ഷിച്ചിരിക്കുന്നതായി കാണപ്പെട്ടു.

വടവുകോട് നിർമ്മിച്ചിട്ടുള്ള പകൽവീട് കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ 2022-23 വർഷം തനത് ഫണ്ടിൽ നിന്നും 2,97,840/-രൂപ ചെലവഴിച്ച് നടത്തിയിട്ടുള്ളതാണ്. എന്നാൽ പകൽ വീട് നാളിതു വരെയായും വയോജനങ്ങൾക്ക് തുറന്നു കൊടുത്തിട്ടില്ല. 30.10.2023ലെ സ്ഥല പരിശോധനയിൽ പകൽ വീടിനു ചുറ്റും വൃത്തിഹീനമായും പ്ലാസ്റ്റിക് മാലിന്യങ്ങൾ നിറച്ച ചാക്കുകൾ സൂക്ഷിച്ചിരിക്കുന്നതായും കാണപ്പെട്ടു. പകൽ വീടിനുള്ളിലും പ്ലാസ്റ്റിക് ചാക്കുകൾ അടുക്കി വെച്ചിട്ടുണ്ട്.

പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ തരംതിരിക്കുന്നതിനും അവ ഒഴിവാക്കുന്നതു വരെ സൂക്ഷിച്ചു വെയ്ക്കുന്നതിനും എം.സി.എഫ്. പഞ്ചായത്തുകളിൽ സ്ഥാപിക്കേണ്ടതുണ്ട്. താൽക്കാലിക മാലിന്യ സംഭരണത്തിനായി വിവിധ വാർഡുകളിൽ മിനി എം.സി.എഫ്.കളും സ്ഥാപിക്കേണ്ടതുണ്ട്. വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിൽ എം.സി.എഫ്. നിർമ്മാണത്തിനായി 2021-22, 2022-23 വർഷങ്ങളിൽ S0089/22, S0086/23 എന്നീ നമ്പരുകളിലായി അസി.എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായി പ്രൊജക്ടുകൾ ഏറ്റെടുത്തിട്ടുണ്ടെങ്കിലും ആയവ നടപ്പിലാക്കുന്നതിന് മേൽ വർഷങ്ങളിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. വാർഡുകളിൽ മിനി എം.സി.എഫ്.കൾ സ്ഥാപിക്കുന്നതിനായി 2022-23 വർഷം അസി.എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായി രൂപീകരിച്ച 13/23 നമ്പർ പ്രൊജക്ട് പ്രകാരം സി.എഫ്.സി. ഗ്രാന്റിൽ നിന്നും 4,25,003/- രൂപ ചെലവഴിച്ച് മിനി എം.സി.എഫ്.കൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും അവ വാർഡുകളിൽ സ്ഥാപിക്കാതെ 2023 മാർച്ച് മാസം മുതൽ പഞ്ചായത്ത് കോമ്പൗണ്ടിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ്. മിനി എം.സി.എഫ്.കളിൽ വള്ളികൾ പടർന്നു കയറുകയും ചുറ്റും ചെടികൾ വളർന്ന് നിൽക്കുകയും ചെയ്തിട്ടുണ്ട്. മാലിന്യങ്ങൾ തരം തിരിക്കുന്നതിനും ഒഴിവാക്കുന്നതു വരെ സൂക്ഷിക്കുന്നതിനുമായി എം.സി.എഫ്.കൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കാതെ, ആയവ ജനങ്ങൾക്ക് ഉപകാരപ്രദമാകേണ്ട വിവിധ കെട്ടിടങ്ങളിൽ സൂക്ഷിച്ചു വെയ്ക്കുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 41/31.10.23) മറുപടി ലഭിച്ചില്ല. കെട്ടിടങ്ങളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യം നിറച്ച

ചാക്കുകൾ ഒഴിവാക്കുന്നതിനും കെട്ടിടങ്ങൾ ശുചീകരണം നടത്തി ഉപയോഗയോഗ്യമാക്കുന്നതിനും വാർഡുകളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ താൽക്കാലികമായി സംഭരിക്കുന്നതിന് പഞ്ചായത്ത് വളപ്പിൽ സൂക്ഷിച്ചിരിക്കുന്ന മിനി എം.സി.എഫ്.കൾ വാർഡുകളിൽ ഉടനടി സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-37 വടയമ്പാത്തുമല പാർക്കിന്റെയും വാച്ച് ടവറിന്റെയും നിർമ്മാണം-വൻ തുക മുടക്കിയിട്ടും പദ്ധതി ലക്ഷ്യം നേടിയില്ല

വടയമ്പാത്തുമല പാർക്ക് നിർമ്മാണത്തിനായി 2019-20, 2020-21, 2021-22, 2022-23 വർഷങ്ങളിൽ പ്രൊജക്ട് രൂപീകരിച്ച് ചുവടെ ചേർക്കുന്നതു പ്രകാരം തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്.

| വർഷം | പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 2019-20 | 340/20 | വടയമ്പാത്തുമല പാർക്ക് | 1500000 | 562560 |
| 2020-21 | 290/21 | വടയമ്പാത്തുമല പാർക്ക് | 877440 | 803681 |
| 2020-21 | 256/21 | വടയമ്പാത്തുമല പാർക്ക്-2-ാം ഘട്ടം | 2796707 | 1527950 |
| 2021-22 | 232/22 | വടയമ്പാത്തുമല പാർക്ക്-2-ാം ഘട്ടം | 1268757 | 551267 |
| 2022-23 | 67/23 | വടയമ്പാത്തുമല പാർക്ക്-2-ാം ഘട്ടം | 292490 | 87831 |
| | | | ആകെ ചെലവ് | 35,33,289/- |

പാർക്കിനുള്ളിൽ വാച്ച് ടവർ നിർമ്മാണത്തിനായി തനത് ഫണ്ടിൽ നിന്നും ചുവടെ ചേർക്കുന്നതു പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| വർഷം | പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 2021-22 | 130/22 | വടയമ്പാത്തുമല വാച്ച് ടവർ | 800000 | 795877 |
| 2022-23 | 101/23 | വടയമ്പാത്തുമല വാച്ച് ടവർ | 976170 | 976170 |
| | | | ആകെ ചെലവ് | 1772047 |

വാച്ച് ടവറിനോട് ചേർന്ന് സന്ദർശകർക്ക് ഉപയോഗിക്കുന്നതിനായി ടോയ് ലറ്റ് കോംപ്ളക്സ് നിർമ്മിക്കുന്നതിനായി ശുചിത്വ മിഷൻ ഫണ്ട്,ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് എന്നിവയിൽ നിന്നും ചുവടെ ചേർക്കുന്നതു പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| വർഷം | പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 2021-22 | 160/22 | വടയമ്പാത്തുമല ടോയ് ലെറ്റ് നിർമ്മാണം | 759857 | 758933 |
| 2021-22 | 256/22 | വടയമ്പാത്തുമല പൊതു ടോയ് ലെറ്റ് നിർമ്മാണം പൂർത്തീകരണം | 567500 | 560910 |
| | | | ആകെ ചെലവ് | 1319843 |

മേൽ പ്രകാരം പാർക്ക്, വാച്ച് ടവർ, ടോയ്‌ലറ്റ് എന്നിവയുടെ നിർമ്മാണത്തിനായി ആകെ 66,25,179/-രൂപ പ്രൊജക്ട് രൂപീകരിച്ച് ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റ് ടീം 30.10.2023ൽ അസി.എൻജിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ പാർക്ക് നിർമ്മിച്ചിട്ടില്ല എന്ന കണ്ടെത്തി. മതിലും ആർച്ച് ഗേറ്റും നിർമ്മിച്ചിട്ടുണ്ട്. പാർക്ക് നിർമ്മാണത്തിനുള്ള ഭൂവികസന പ്രവർത്തനങ്ങൾ 35 ലക്ഷം രൂപ ചെലവഴിച്ച് നടത്തിയതെങ്കിലും നിലവിലും സ്ഥലം തട്ട് തട്ടായി ചെരിഞ്ഞു തന്നെ കിടക്കുകയാണ്. പാർക്ക് നിർമ്മാണത്തിനായി ഇനിയും ഭീമമായ തുക മുടക്കേണ്ട സാഹചര്യമാണുള്ളത്. ഫീസിബിലിറ്റി സ്റ്റഡി നടത്താതെയാണ് പാർക്ക് നിർമ്മാണത്തിനായി തുക ചെലവഴിച്ചിട്ടുള്ളത്. ഫീസിബിലിറ്റി സ്റ്റഡി നടത്താതെയും വിശദമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കാതെയും തുക ചെലവഴിച്ചതു മൂലം തനത് ഫണ്ടിൽ നിന്നും ഭീമമായ തുക ചെലവു വന്നിരിക്കുകയാണ്.

മൂന്ന നിലകളിലായി വാച്ച് ടവർ 17,72,047/- രൂപ ചെലവഴിച്ച് നിർമ്മിച്ചിട്ടുണ്ടെങ്കിലും ആയത് പൊതു ജനങ്ങൾക്കായി തുറന്നു കൊടുത്തിട്ടില്ല. വാച്ച് ടവർ വൃത്തിഹീനമായാണ് കാണപ്പെട്ടത്. ടൈൽ വിരിച്ച തറ മുഴവൻ വെള്ളവും ചെളിയും ആണ്. 13,19,843/- രൂപ ചെലവഴിച്ച് നിർമ്മിച്ച ടോയ്‌ലറ്റ് കോംപ്ലക്സ് വാച്ച് ടവറിനോടനുബന്ധിച്ച് സ്ഥിതി ചെയ്യുന്നുണ്ടെങ്കിലും ആയത് പൂട്ടിയിട്ടിരിക്കുകയാണ്. ടോയ്‌ലറ്റിനുള്ളിൽ പ്ലാസ്റ്റിക് നിറച്ച ചാക്കുകൾ സൂക്ഷിച്ചിരിക്കുന്നു. 66 ലക്ഷത്തിലേറെ രൂപ ചെലവഴിച്ചുവെങ്കിലും പ്രൊജക്ടിൽ വിഭാവനം ചെയ്ത രീതിയിൽ യാതൊന്നും നടപ്പിലാക്കിയിട്ടില്ല. പാർക്ക് നിർമ്മിക്കുന്നതിനായി ഇനിയും വൻ

തുക ചെലവു വരും. ഇത്തരത്തിൽ ലക്ഷ്യബോധമില്ലാതെ പണം ചെലവഴിക്കുന്ന പ്രവണത അവസാനിപ്പിക്കേണ്ടതും ആസ്തികൾ സംരക്ഷിക്കുന്നതിനും ഉപയോഗപ്രദമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

1-38 വൈദ്യുതി കണക്ഷൻ ഇല്ലാത്ത കെട്ടിടത്തിൽ സൗണ്ട് സിസ്റ്റം സ്ഥാപിച്ചു - തുക തടസപ്പെടുത്തുന്നു

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 208/23 |
| പേര് | നീർമേൽ എസ്.സി.കോളനി കമ്മ്യൂണിറ്റി ഹാൾ സൗണ്ട് സിസ്റ്റം സ്ഥാപിക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.സെക്രട്ടറി |
| അടങ്കൽ | 34500/-(വികസന ഫണ്ട്-എസ്.സി.പി.) |
| ചെലവ് | 34500/- |

പ്രൊജക്റ്റ് പ്രകാരം നീർമേൽ എസ്.സി. കോളനി കമ്മ്യൂണിറ്റി ഹാളിൽ അഹൂജ ബ്രാന്റിലുള്ള സൗണ്ട് സിസ്റ്റം സ്ഥാപിച്ചതിന് Telstar Technologies, മൂവാറ്റുപുഴ എന്ന സ്ഥാപനത്തിന് 34,500/-രൂപ നൽകി. 30.10.2023ൽ പഞ്ചായത്ത് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ നീർമേൽ എസ്.സി.കോളനി കമ്മ്യൂണിറ്റി ഹാൾ എന്ന കെട്ടിടം നിലവിലില്ല എന്നു ബോധ്യപ്പെട്ടു. വടവുകോട് ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച് 15.5.12ൽ ഉദ്ഘാടനം ചെയ്ത എസ്.സി.വനിത തൊഴിൽ പരിശീലന കേന്ദ്രത്തിലാണ് സൗണ്ട് സിസ്റ്റം സ്ഥാപിച്ചതെന്ന് കണ്ടെത്തി. സൗണ്ട് സിസ്റ്റത്തിന്റെ ആവശ്യമില്ലാത്ത ഒരു ചെറിയ മുറി മാത്രമേ ടി കെട്ടിടത്തിൽ ഉള്ളൂ. കൂടാതെ കെട്ടിടത്തിൽ വൈദ്യുതി കണക്ഷൻ എടുത്തിട്ടില്ല. വൈദ്യുതി കണക്ഷൻ ഇല്ലാത്ത കെട്ടിടത്തിൽ സൗണ്ട് സിസ്റ്റം സ്ഥാപിച്ചത് മൂലം പദ്ധതി പണം പാഴായ അവസ്ഥയാണുള്ളത്. കെട്ടിടത്തിൽ വൈദ്യുതി കണക്ഷൻ എടുത്ത് സൗണ്ട് സിസ്റ്റം ഉപയോഗയോഗ്യമാക്കുന്നതു വരെ 34,500/-രൂപ തടസപ്പെടുത്തുന്നു.

1-39 റോഡ് കണക്ടിവിറ്റി മാപ്പിംഗ് - പ്രവൃത്തി നടപ്പാക്കിയിട്ടില്ല

പഞ്ചായത്ത് പ്രദേശത്തെ റോഡുകൾ, ഡ്രെയിനേജുകൾ, കൾവർട്ടുകൾ തുടങ്ങിയവ ഉൾപ്പെടെയുള്ള ആസ്തികൾ R-Track മൊബൈൽ ആപ്പ് വഴി ട്രാക്ക് ചെയ്ത് ഡിജിറ്റൽ ഡാറ്റ തയ്യാറാക്കുന്നതിനായി സർക്കാർ നിർദേശ പ്രകാരം നടപ്പിലാക്കേണ്ട പ്രൊജക്ടാണ് റോഡ് കണക്ടിവിറ്റി മാപ്പിംഗ്. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് 3,000/- രൂപ ഒരു വാർഡിൽ പരമാവധി ചെലവാക്കാവുന്നതാണ്. വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിൽ 2021-22, 2022-23 വർഷങ്ങളിൽ തനത് ഫണ്ടിൽ നിന്നും 51,000/-രൂപ വകയിരുത്തി അസി.എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായി റോഡ് കണക്ടിവിറ്റി മാപ്പിംഗ് എന്ന പ്രൊജക്ടിന് ഡി.പി.സി. അംഗീകാരം ലഭിച്ചുവെങ്കിലും (പ്രൊജക്റ്റ് നമ്പരുകൾ യഥാക്രമം 278/22, 102/23) പ്രൊജക്റ്റ് നടപ്പിലാക്കിയിട്ടില്ല. സുലേഖ ചെലവ് പത്രിക പ്രകാരം ടി പ്രൊജക്റ്റ് നടപ്പിലാക്കുന്നതിന് തുകയൊന്നും ചെലവഴിച്ചിട്ടില്ല. പ്രൊജക്റ്റ് നടപ്പിലാക്കാത്തതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.43/31.10.23) അസി.എൻജിനീയർ മറുപടി ലഭ്യമാക്കിയില്ല. പ്രൊജക്റ്റ് നടപ്പിലാക്കി ആസ്തി വിവരങ്ങളുടെ ഡിജിറ്റൽ ഡാറ്റ തയ്യാറാക്കി വിവരം അറിയിക്കേണ്ടതാണ്.

1-40 ജനകീയ ഹോട്ടലിന് പാത്രങ്ങൾ വാങ്ങി നൽകിയത് - ചെലവ് തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | S0093/23 |
| പേര് | കുടുംബശ്രീ ജനകീയ ഹോട്ടലിന് ഫർണിച്ചർ വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.സെക്രട്ടറി |
| അടങ്കൽ | 50,000/-(പൊതുവിഭാഗം വികസന ഫണ്ട്) |
| ചെലവ് | 50,000/-(ബിൽ നമ്പർ-293/27.01.23) |

പ്രൊജക്റ്റ് പ്രകാരം ജനകീയ ഹോട്ടലിന് ആവശ്യമായ പാചകപ്പാത്രങ്ങൾ 50,000/-രൂപ ചെലവഴിച്ച്

വാങ്ങി നൽകി.ഷോലിത ബിജു എന്ന വ്യക്തി പാത്രങ്ങൾ അസി.സെക്രട്ടറിയിൽ നിന്നും കൈപ്പറ്റിയിട്ടുണ്ട്. സ.ഉ(കൈ)നം.45/2020/ത.സ്വ.ഭ.വ., തീ.06.3.20 നമ്പർ ഉത്തരവ്വ് പ്രകാരം ജനകീയ ഹോട്ടൽ ആരംഭിക്കുന്ന കെട്ടിടത്തിൽ വെള്ളം, വെളിച്ചം, ശുചിത്വ സൗകര്യങ്ങൾ, ഫർണിച്ചർ എന്നിവ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏർപ്പെടുത്തി നൽകേണ്ടതും കൂടാതെ കെട്ടിടം പ്രവർത്തന സജ്ജമാക്കുന്നതിന് ഏറ്റവും ആവശ്യമായ അറ്റകുറ്റപ്പണികൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിർവ്വഹിക്കാവുന്നതുമാണ്. കെട്ടിടത്തിന്റെ വാടക, വൈദ്യുതി ചാർജ്, വാട്ടർ ചാർജ് എന്നിവ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് / നഗരസഭ മുടക്കം കൂടാതെ വഹിക്കേണ്ടതാണ്. ജനകീയ ഹോട്ടലിന് ആവശ്യമായ പാചകപ്പാത്രങ്ങൾ ഭക്ഷണ വിതരണ പാത്രങ്ങൾ ഗ്ലാസ്സുകൾ, ഉപകരണങ്ങൾ തുടങ്ങിയവ കുടുംബശ്രീ ലഭ്യമാക്കേണ്ടതാണ്. പാത്രങ്ങൾ വാങ്ങി നൽകേണ്ടത് കുടുംബശ്രീ ആണെന്നിരിക്കെ ജനകീയ ഹോട്ടലിന് ഫർണിച്ചർ വാങ്ങുന്നതിനായി പ്രൊജക്ട് രൂപീകരിച്ച് സർക്കാർ ഉത്തരവിനു വിരുദ്ധമായി പാത്രങ്ങൾ വാങ്ങുന്നതിന് പദ്ധതിപ്പണം ചെലവഴിച്ചതിന് ശരിയായ നടപടിയല്ല.

വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് കെട്ടിടത്തിന് സമീപം പഞ്ചായത്ത് നിർമ്മിച്ച നൽകിയ കെട്ടിടത്തിൽ പ്രവർത്തിച്ച വരുന്ന ജനകീയ ഹോട്ടലിന്റെ വൈദ്യുതി ചാർജ്, വെള്ളക്കരം എന്നിവ പഞ്ചായത്ത് ആണ് അടവാക്കുന്നത്. ഫർണിച്ചർ വാങ്ങി നൽകിയതും പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചാണ്. പഞ്ചായത്ത് സെക്രട്ടറിയുമായി 2022 ഏപ്രിൽ മാസം ഒന്നാം തീയതി വെച്ച കരാർ പ്രകാരം ഷോലിത ബിജു, ജിനു ബിനു, ചന്ദ്രിക സുകുമാരൻ എന്നിവർ ചേർന്ന് കുടുംബശ്രീ സി.ഡി.എസ്. കമ്മറ്റിയുടെ അംഗീകാരത്തോടെ രൂപീകരിച്ച ജെ.എൽ.ജി. ഗ്രൂപ്പാണ് ജനകീയ ഹോട്ടലിന്റെ നടത്തിപ്പുകാർ. ജനകീയ ഹോട്ടലിന് ആവശ്യമായ പാചകപ്പാത്രങ്ങൾ, ഭക്ഷണ വിതരണ പാത്രങ്ങൾ, ഗ്ലാസ്സുകൾ, ഉപകരണങ്ങൾ തുടങ്ങിയവ കുടുംബശ്രീ ലഭ്യമാക്കേണ്ടതാണെന്ന സർക്കാർ ഉത്തരവ് നിലവിലുള്ള സാഹചര്യത്തിൽ പാത്രങ്ങൾ വാങ്ങി നൽകുന്നതിനായി വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച 50,000/- രൂപ ജനകീയ ഹോട്ടൽ നടത്തുന്ന ജെ.എൽ.ജി. ഗ്രൂപ്പിൽ നിന്നും തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതാണ്. തുക തിരികെ അടവാക്കുന്നതു വരെ 50,000/- രൂപ തടസപ്പെടുത്തുന്നു. ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/30.10.2023) അസി.സെക്രട്ടറി മറുപടി ലഭ്യമാക്കി. ജനകീയ ഹോട്ടൽ നടത്തിപ്പുകാർ പ്രവർത്തനം എന്നെങ്കിലും അവസാനിപ്പിക്കുകയാണെങ്കിൽ പാത്രങ്ങൾ തിരിച്ച വാങ്ങി പുതിയ നടത്തിപ്പുകാർക്ക് നൽകുമെന്ന മറുപടി അംഗീകരിക്കാനാവില്ല.

## 1-41 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 2022-23 വർഷം നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്റ്റുകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ലാത്തതിനാൽ തുക 20,29,782/- രൂപ തടസ്സപ്പെടുത്തുന്നു.

| ക്രമ നം | പ്രോജക്റ്റ് നം | പ്രോജക്റ്റിന്റെ പേര് | ചെലവഴിച്ച തുക | ബിൽ നം/ചെക് നം / തുക |
|---|---|---|---|---|
| 1 | 9/23 | വാട്ടർലൈൻ എക്സ്റ്റൻഷൻ | 1)634500/-ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1)ബിൽ നം 446 തി 24.03.23 |
| | | | 2)65,500/- തനത് ഫണ്ട് | 2)ചെക് നം 121890 തി. 24.3.2022 |
| 2 | 125/23 | IKM വിഹിതം നല്കൽ | 75168/-വികസന ഫണ്ട് | ബിൽ നം.73 തി. 26.8.2022 |
| 3 | 242/23 | മുതായിക്കരത്താഴം കനാൽബണ്ട് റോഡ് സ്ട്രീറ്റ് ലൈൻ വലിക്കൽ | 309750/- തനത് ഫണ്ട് | ചെക് നം 109312 തി. 22.9.2022 |
| 4 | 10/23 | അമൃത കുടീരം വാട്ടർലൈൻ എക്സ്റ്റൻഷൻ | 260958/-ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ബിൽ നം 239 തി 30.12.2022 |

| | | | | |
|---|---|---|---|---|
| 5 | 335/23 | അമൃത കുടീരം സ്ട്രീറ്റ് ലൈൻ വലിക്കൽ | 4,20,906/-മറ്റുള്ളവ | ചെക് നം 121909 തി. 12.10.2022 |
| 6 | 61/23 | 61/23-മോട്ടോർ സ്ഥാപിക്കൽ-ബോർവെൽ | 2,63,000/- | |
| | | ആകെ | 2029782/- | |

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

1-42 ഇ-ടെണ്ടർ ഫീസ് ലഭിച്ച തുക ഗ്രാമപഞ്ചായത്തിന് ഇതുവരെ തിരികെ ലഭ്യമായിട്ടില്ല.

വടവ്കോട്- പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിൽ ഇ-ടെണ്ടർ മുഖേന നടത്തുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫീസായി ലഭിക്കുന്ന തുക ക്രെഡിറ്റ് ചെയ്യുന്നതിനായി സർക്കാർ നിർദ്ദേശപ്രകാരം ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശം നടപ്പാകുന്നതിന് മുമ്പ് നടത്തിയ ടെണ്ടറുകളുടെയെല്ലാം ഫീസ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിരുന്നത്. ഇപ്രകാരം 2017 ജനവരി മുതൽ 2022 ജൂൺ വരെ നടത്തിയ വിവിധ ടെണ്ടറുകളുടെ ഫീസായി ₹11,98,130 എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ ബാങ്ക് അക്കൗണ്ടിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട ഈ തുക നാളിതുവരെയായി തിരികെ ലഭ്യമായിട്ടില്ല. ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ 2017 ജനവരി മുതൽ 2022 ജൂൺ വരെ നടത്തിയ എല്ലാ ടെണ്ടറുകളുടെയും ഫീസ് സഹിതമുള്ള വിവരങ്ങൾ 26/06/2023ലെ E1/AE/PT2/926/23നമ്പർ കത്ത് മുഖേനെ എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID & ED DIVISION, എറണാകുളത്തെ അറിയിച്ചുവെങ്കിലും തുക തിരികെ ലഭ്യമായതിന്റെ രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട ഈ തുക നാളിതുവരെയായി തിരികെ ഈടാക്കാത്തതിന് വിശദീകരണം ലഭ്യമായിട്ടില്ല (ഓഡിറ്റ് എൻക്വയറി നം.7 തീയതി 25.10.2023). തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-43 ഇ-ടെണ്ടർ ഫീസ് ലഭിക്കുന്ന തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് യഥാസമയം ട്രാൻസ്ഫർ ചെയ്യുന്നില്ല - പലിശയിനത്തിൽ വരുമാനനഷ്ടം.

വടവ്കോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിൽ ഇ-ടെണ്ടർ മുഖേന നടത്തുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫീസായി ലഭിക്കുന്ന തുക ക്രെഡിറ്റ് ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ അക്കൗണ്ട് (അക്കൗണ്ട് നം.387755937926) ആരംഭിച്ചിട്ടുണ്ട്. ഈ അക്കൗണ്ടിന്റെ പാസ്സ്ബുക്ക് പരിശോധിച്ചതിൽ 31/03/2023 ൽ ₹2,03,418 നീക്കിയിരുപ്പായി സൂക്ഷിച്ചിട്ടുണ്ട്. ഇ-ടെണ്ടർ ഫീസ് ലഭിക്കുന്നത് കറന്റ് അക്കൗണ്ടിലായതിനാൽ ഇതിൽ സൂക്ഷിക്കുന്ന പണത്തിന് പലിശ ലഭിക്കാത്ത സാഹചര്യമുണ്ട്. എന്നാൽ തുക ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മാറ്റിയാൽ അത് സേവിംഗ്സ് ബാങ്ക് അക്കൗണ്ടായതിനാൽ നീക്കിയിരുപ്പ് തുകക്ക് പലിശ ലഭിക്കുന്നതാണ്. ഈ അക്കൗണ്ടിലെ നീക്കിയിരുപ്പ് സംബന്ധമായ വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുന്നമില്ല. മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് ഏറ്റവുമധികം ടെണ്ടറുകൾ നടക്കുന്നത് സാമ്പത്തിക വർഷാവസാന മാസങ്ങളിലാണ്. ഈ കാലയളവിൽ ലഭിച്ച തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് കൈമാറേണ്ട തുക യഥാസമയം നൽകാതെ കറന്റ് അക്കൗണ്ടിൽ സൂക്ഷിച്ചതിനാൽ പലിശയിനത്തിൽ ലഭിക്കാമായിരുന്ന വരുമാനം നഷ്ടമാകുന്ന സ്ഥിതിയുണ്ട്. ഈ സാമ്പത്തിക വർഷം ഒരു പ്രാവശ്യം മാത്രമാണ് തനത്ഫണ്ടിലേക്ക് തുക മാറ്റിയിട്ടുള്ളത്. കൂടാതെ സർക്കാർ നിർദ്ദേശ പ്രകാരം ഔദ്യോഗികാവശ്യങ്ങൾക്കായി ആരംഭിക്കുന്ന ബാങ്ക് അക്കൗണ്ടുകൾക്ക് വിവിധ ബാങ്ക് ചാർജ്ജുകൾ നൽകേണ്ടതില്ല. എന്നാൽ ഈ അക്കൗണ്ടിൽ നിന്നും സർവ്വീസ് ചാർജ്ജ് ഈടാക്കി വരുന്നുണ്ട്. മിനിമം ബാലൻസ് ഫീസ്, അക്കൗണ്ട് കീപ്പിംഗ് ചാർജ്ജ് എന്നീയിനങ്ങളിൽ മുമ്പ് ഈടാക്കിയ തുകകൾ അസിസ്റ്റന്റ് എഞ്ചീനീയർ കത്ത് നൽകിയതിനെത്തുടർന്ന് തിരികെ ലഭിച്ചെങ്കിലും 12/03/2023 ൽ അക്കൗണ്ട് കീപ്പിംഗ് ചാർജ്ജായി ഈടാക്കിയ ₹649 ബാങ്ക് ഇതുവരെ തിരികെ നൽകിയിട്ടില്ല. ഇത് സംബന്ധിച്ച് 25.10.2023ൽ നൽകിയ 8ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഇ-ടെണ്ടർ ഫീസ് ലഭിച്ച തുക ഗ്രാമപഞ്ചായത്തിന് യഥാസമയം കൈമാറാത്തതിനും സർക്കാർ നിർദ്ദേശപ്രകാരം തുടങ്ങിയ അക്കൗണ്ടിൽ നിന്നും ബാങ്ക്

ഈടാക്കിയ ചാർജ്ജുകൾ തിരികെ ഈടാക്കാത്തതിനും നടപടി സ്വീകരിക്കേണ്ടതാണ്.

1-44 അമൃതകുടീരം ലൈഫ് ഭവനപദ്ധതി - നടത്തിപ്പിൽ വന്ന അപാകങ്ങൾ

എറണാകുളം നഗര വികസനത്തിനായി കുടിയൊഴിപ്പിക്കപ്പെട്ട ചേരിനിവാസികളെ പുനരധിവസിപ്പിക്കുന്നതിനായി വടവ്കോട്- പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് അമൃതകുടീരം. ജി.സി.ഡി.എയുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്ന സ്ഥലത്ത് അമൃതാനന്ദമയി മഠത്തിന്റെ സഹായത്തിൽ നിർമ്മിച്ച നൽകിയ ഭവനങ്ങളിലാണ് കുടിയൊഴിപ്പിക്കപ്പെട്ടവരെ ആദ്യഘട്ടത്തിൽ പുനരധിവസിപ്പിച്ചിരുന്നത്. കാലക്രമേണ ഈ ഭവനങ്ങൾ വാസയോഗ്യമല്ലാതായതോടെയാണ് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഇവർക്ക് ഭവനനിർമ്മാണം എന്ന പ്രോജക്ട് ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയത്. പദ്ധതിയിലെ ഭവനങ്ങളെ P.M.A.Y (Urban) സ്കീമിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്. K.U.R.D.F.C ലോൺ 2ലക്ഷം, സംസ്ഥാനവിഹിതം 1ലക്ഷം, കേന്ദ്രവിഹിതം 1ലക്ഷം എന്നിങ്ങനെയാണ് വീടുകൾക്കുള്ള നാല് ലക്ഷം രൂപയുടെ വിഹിതം വകയിരുത്തിയത്. പ്ലോട്ടിലെ ഭൂവികസനപ്രവർത്തനങ്ങൾ B.P.C.L സി.എസ്.ആർ ഫണ്ട് ഉപയോഗിച്ചാണ് നടത്തിവരുന്നത്. പദ്ധതി ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ജി.സി.ഡി.എയുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്ന 314 സെന്റ് (1.27ഹെക്ടർ) സ്ഥലത്തിൽ നിന്നും 124 പേർക്ക് 1.85 സെന്റ് സ്ഥലം വീതം പട്ടയം നൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രകാരം 229.40 സെന്റ് സ്ഥലവും 69 സെന്റ് സ്ഥലം റോഡിനായും 15 സെന്റ് സ്ഥലം ഒഴിവുള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. വ്യക്തികൾക്ക് 1.85 സെന്റ് സ്ഥലം വീതം പട്ടയം നൽകിയതിന്റെ രേഖകൾ മാത്രമാണ് വ്യക്തിഗത ലൈഫ് ഫയലിലുള്ളത്. ഗ്രാമപഞ്ചായത്ത് ഭൂവികസനങ്ങൾക്കായി 1 കോടി രൂപ ചെലവഴിക്കുന്ന ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച രേഖകളൊന്നും ഫയലിലില്ല. സൈറ്റ് പ്ലാൻ പ്രകാരം റോഡിനായി നീക്കിവച്ചിട്ടുള്ളതും ഒഴിവുള്ളതുമായ ഭൂമിയുടെ ഉടമസ്ഥത ജി.സി.ഡി.എ ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്. ഒഴിവുള്ള 15 സെന്റ് ഭൂമി ഗ്രാമപഞ്ചായത്തിന് വിട്ടുനൽകണമെന്നാവശ്യപ്പെട്ട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജി.സി.ഡി.എ ചെയർമാന് 16/02/2022 ൽ കത്ത് നൽകിയിരുന്നു. ഇതിന്മേൽ തുടർനടപടികൾ നടന്നതിന്റെ വിവരങ്ങളൊന്നും ലഭ്യമായിട്ടില്ല.

2. അമൃതകുടീരം പദ്ധതി ഗുണഭോക്താക്കളെ P.M.A.Y (Urban) സ്കീമിൽ ഉൾപ്പെടുത്തുന്നതിന് അനുമതി ലഭിക്കുകയുണ്ടായെങ്കിലും പദ്ധതിയിലെ കേന്ദ്രവിഹിതം ഇതുവരെ ലഭിച്ചിട്ടില്ല. P.M.A.Y (Urban) സ്കീമിലെ ധനസഹായം ലഭിക്കാത്തത് എന്തുകൊണ്ടാണ് എന്ന് വ്യക്തമല്ല.

3. കേന്ദ്രവിഹിതം ലഭിക്കാത്തതിനാൽ ആവശ്യമായ അധിക ഫണ്ട് കണ്ടെത്തുന്നതിനായി സ്വകാര്യവ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സംഭാവന കണ്ടെത്തുന്നതിനായി ഭവനനിധി രൂപീകരിക്കുവാൻ അനുമതി നൽകണമെന്ന് 19/01/2020 ൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലൈഫ് മിഷന് കത്ത് നൽകിയിരുന്നു. 31/01/2020ലെ എൽ.എഫ് 2/511/2017 നമ്പർ കത്ത് പ്രകാരം ഭവനനിധി രൂപീകരിച്ച് പ്രവർത്തിക്കുന്നതിന് ലൈഫ് മിഷൻ സി.ഇ.ഒ അനുമതി നല്കുകയും ഭവനനിധി രൂപീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. (02/03/2020 ലെ 06/1 നമ്പർ തീരുമാനം). "ഭവനനിധി" ആരംഭിക്കുന്നതിന് തദ്ദേശസ്ഥാപന അദ്ധ്യക്ഷൻ, സെക്രട്ടറി എന്നിവരുടെ പേരിൽ സംയുക്ത അക്കൗണ്ട് തുടങ്ങണമെന്നും സംഭാവനയായി ലഭിക്കുന്ന തുകയുടെ വിനിയോഗം മുഴുവനായും തദ്ദേശ സ്വയംഭരണസ്ഥാപനത്തിൽ ആരംഭിക്കുന്ന ഭവനിധി അക്കൗണ്ട് മുഖാന്തിരമായിരിക്കണമെന്നും ജി.ഒ (എം.എസ്) 196/2017/ തസ്വഭവ തീയതി 11/10/2017 നമ്പർ ഉത്തരവിൽ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട് ഗ്രാമപഞ്ചായത്തിൽ ഭവനനിധി അക്കൗണ്ട് തുടങ്ങിയത് എന്നാണ്, ഏത് ബാങ്കിലാണ്, ഈ അക്കൗണ്ടിൽ എത്ര രൂപ ലഭിച്ചു എന്നീ വിവരങ്ങളൊന്നും ലഭ്യമായിട്ടില്ല. അമൃതകുടീരം പദ്ധതിയിലെ 4 ഗുണഭോക്താക്കളുടെ ഭവനം പൂർത്തീകരിക്കുന്നതിന് 400000 രൂപ വീതം ആകെ 16,00,000 രൂപ ആവശ്യപ്പെട്ട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് PCBL കരിമുഗൾ കമ്പനിക്ക് 24/02/2022 ൽ കത്ത് നൽകുകയും ഈ തുക 04/04/2022 ൽ തനത്ഫണ്ടിൽ ലഭിച്ചതായും കാണുന്നു. സംഭാവനയായി ലഭിച്ച തുക തെറ്റായാണ് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സംഭാവനകൾ ഭവനനിധി അക്കൗണ്ടിൽ വരവ് വയ്ക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

4. പദ്ധതിയിൽ പി.ഡബ്ല്യു.ഡി. റോഡിനോട് ചേർന്ന് നിർമ്മിക്കാനുദ്ദേശിക്കുന്ന 21 വീടുകൾക്ക് കെട്ടിടനിർമ്മാണച്ചട്ടം റൂൾ 26. 220 (B) എന്നിവ പ്രകാരമുള്ള നിബന്ധനകളിൽ ഇളവ് നൽകണമെന്ന് സർക്കാരിനോട് അപേക്ഷിച്ചിരുന്നു. എന്നാൽ ഈ കാര്യത്തിൽ ഇളവനുവദിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ്/ അനുമതി ലഭ്യമായിട്ടുണ്ടോ എന്ന വിവരം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ഈ വീടുകളുടെ നിർമ്മാണത്തിന് പെർമിറ്റ് നൽകുന്ന സമയത്ത് കെട്ടിടനിർമ്മാണച്ചട്ടം റൂൾ 26, 220 (B) എന്നിവ പ്രകാരമുള്ള നിബന്ധനകൾ പാലിക്കുന്നുണ്ടോ എന്ന വിവരം പരിശോധിച്ചിരുന്നില്ലേ എന്നതും വ്യക്തമല്ല. ഈ കെട്ടിടങ്ങളിൽ കെട്ടിടനിർമ്മാണം പൂർത്തീകരിച്ചവക്ക് അനധികൃത കെട്ടിട നമ്പരാണ് (U.A) ഗ്രാമപഞ്ചായത്ത് നൽകിയിട്ടുള്ളത്. പദ്ധതിയിൽ പ്ലാൻ പ്രകാരം പി.ഡബ്ലിയു.ഡി റോഡിനോട് ചേർന്ന് ഇതിനകം നിർമ്മിച്ചിട്ടുള്ളതും നിർമ്മിക്കാനുദ്ദേശിക്കുന്നതുമായ ആകെയുള്ള 21 വീടുകൾക്ക് കെട്ടിടനിർമ്മാണച്ചട്ടത്തിൽ ഇളവ് നൽകുന്നത് സംബന്ധിച്ച് നിലവിലെ സ്ഥിതിവിവരങ്ങൾ എന്താണെന്ന് വ്യക്തമാക്കിയിട്ടില്ല.

5. കേന്ദ്രവിഹിതം ലഭിക്കാത്തതിനാൽ ഒരു ഗുണഭോക്താവിന് വകയിരുത്തിയ ഫണ്ടിൽ 1 ലക്ഷം രൂപയുടെ കുറവുണ്ടായിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ച ഗുണഭോക്താക്കൾക്ക് ഈ തുക എപ്രകാരമാണ് നൽകിയത് എന്ന കാര്യം ഫയലിൽ വ്യക്തമാക്കിയിട്ടില്ല.

ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം-14 തീയതി 27/10/2023) മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശം

1. ഗ്രാമപഞ്ചായത്ത് ഭൂവികസനപ്രവർത്തനങ്ങൾ നടത്തി വരുന്ന ഭൂമിയുടെ ഉടമസ്ഥത ജി.സി.ഡി.എ. കൈമാറിയത് സംബന്ധിച്ചുള്ള രേഖകളൊന്നും ലഭ്യമായിട്ടില്ല. കുടിയൊഴിപ്പിക്കപ്പെട്ട ചേരിനിവാസികൾക്കായി ഭവനപദ്ധതിക്കും അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമായി ഗ്രാമപഞ്ചായത്ത് വൻതുക ചെലവഴിക്കുന്ന സാഹചര്യത്തിൽ പണം ചെലവഴിക്കപ്പെടുന്ന ഭൂമിയുടെ ഉടമസ്ഥത വിട്ടുനൽകുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുക.

2. P.M.A.Y (Urban) സ്കീമിൽ ഉൾപ്പെട്ട പദ്ധതിയിലെ ഇതുവരെ ലഭിച്ചിട്ടില്ലാത്ത കേന്ദ്രവിഹിതം നേടിയെടുക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുക.

3. പി.ഡബ്ല്യു.ഡി. റോഡിനോട് ചേർന്ന് നിർമ്മിക്കുന്ന 21 വീടുകൾക്ക് കെട്ടിടനിർമ്മാണച്ചട്ടം റൂൾ 26. 220(b) എന്നിവ പ്രകാരമുള്ള നിബന്ധനകളിൽ ഇളവ് നൽകുന്നതിനുള്ള അപേക്ഷകളിൽ ആവശ്യമായ ഫോളോ അപ്പ് നടപടികൾ സ്വീകരിക്കുക.

4. സംഭാവനയായി ലഭിക്കുന്ന തുകയുടെ വിനിയോഗം മുഴുവനായും തദ്ദേശ സ്വയംഭരണസ്ഥാപനത്തിൽ ആരംഭിക്കുന്ന ഭവന നിധി അക്കൗണ്ട് മുഖാന്തിരമായിരിക്കണമെന്ന സർക്കാർ ഉത്തരവ് നടപ്പാക്കുകയും ഇതിനകം ലഭിച്ച സംഭാവനകളുടെ അക്കൗണ്ടിംഗ് കൃത്യമാക്കുക.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ -ഡ്രൈവർക്ക് വാഹനവാടക ഇനത്തിൽ തുക അധികം നൽകി

| | |
|---|---|
| പ്രൊജക്ട് നമ്പർ | 22/23 |
| പേര് | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ ഭക്ഷണം മറ്റ് തുടർ |

| | |
|---|---|
| | ചെലവുകൾ |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.സെക്രട്ടറി |
| അടങ്കൽ | 680000/-(തനത് ഫണ്ട്) |
| ചെലവ് | 502799/- |

08.6.2022 മുതൽ വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിൽ പ്രവർത്തനം ആരംഭിച്ച ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിൽ വാഹനം വാടകയ്ക്ക് എടുത്തതിന്റെയും ജനകീയ ഹോട്ടലിൽ നിന്നുമുള്ള ഉച്ചഭക്ഷണത്തിന്റെയും ചെലവുകളാണ് പ്രൊജക്ട് പ്രകാരം നൽകിയത്. ക്വട്ടേഷൻ ക്ഷണിച്ച്, 2022 ജൂൺ 9 മുതലാണ് കുട്ടികളെ ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിൽ എത്തിക്കുന്നതിനും തിരിച്ച് വീട്ടിൽ എത്തിക്കുന്നതിനും ഒരു ദിവസം 2,000/- രൂപ നിരക്കിൽ വാഹന സൗകര്യം ഏർപ്പെടുത്തിയത്. ക്വട്ടേഷൻ ലഭിച്ച ഷൈജു പി.കുര്യൻ, പൊല്ലയിൽ, പുറ്റുമാനൂർ എന്ന വ്യക്തി (വാഹനം- KL-39-J-6586 നമ്പരിലുള്ള ടെമ്പോ ട്രാവലർ ) നിർവ്വഹണോദ്യോഗസ്ഥനുമായി വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ വെച്ചിട്ടില്ല.

വിദ്യാർത്ഥികളുടെ ഹാജർ പുസ്തകം പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന മാസങ്ങളിൽ ടിയാന് അർഹതയുള്ളതിലും അധികം തുക വാടകയിനത്തിൽ നൽകിയിട്ടുണ്ടെന്ന് വ്യക്തമായിട്ടുണ്ട്. ഹാജർ പുസ്തകം പ്രകാരം 2022 ആഗസ്റ്റ് മാസം 16 ദിവസങ്ങൾ മാത്രമേ ബഡ്സ് സ്കൂൾ പ്രവർത്തിച്ചിട്ടുള്ളൂ. എന്നാൽ 17 ദിവസത്തെ വാഹന വാടക ഒരു ദിവസത്തിന് 2,000/- രൂപ നിരക്കിൽ 34,000/- രൂപ ടിയാന് നൽകി (ചെക്ക് നമ്പർ- 109302,തീ. 01.9.22) അധികം നൽകിയത് 2,000/- രൂപ. 2023 ഫെബ്രുവരി മാസം 20 ദിവസം മാത്രമേ സ്കൂൾ പ്രവർത്തിച്ചിട്ടുള്ളൂ. എന്നാൽ 21 ദിവസത്തെ വാഹന വാടക 21X2000= 42000/- രൂപ ടിയാന് നൽകി (ചെക്ക് നമ്പർ-115601,തീ. 01.02.23). അധികം നൽകിയത് 2,000/- രൂപ. ഇപ്രകാരം 4,000/-രൂപ അധികമായി വാഹന വാടകയിനത്തിൽ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചത് ടിയാനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് നിർവ്വഹണോദ്യോഗസ്ഥനായ അസി.സെക്രട്ടറിയുടെ ബാധ്യത ആയിരിക്കുന്നതാണ്.

### 3-2 മൺ ചട്ടിയിൽ പച്ചക്കറിതൈ വിതരണം - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ നിർവ്വഹണം, അധികച്ചെലവ്

പദ്ധതിക്കായി താഴെ ചേർക്കും പ്രകാരം കൃഷി ഓഫീസർ തുക ചെലവഴിച്ചിട്ടുണ്ട് .

| | |
|---|---|
| പദ്ധതിയുടെ നം. / പേര് | 342/2022-23/ മൺ ചട്ടിയിൽ പച്ചക്കറിതൈ വിതരണം വനിത |
| ഫണ്ട്, അടങ്കൽ | വികസന ഫണ്ട് (ജനറൽ) 300000 + 100000 ( BC)<br>ആകെ 4,00,000/- |
| ചെലവ്-<br>ബിൽ നം.,ചെക്ക് നം./തീയതി / തുക | 4,00,000/-<br>(1) TRN 221205000000012283/31.03.2023 / 3,00,000/-<br>(2) 1,00,000/- (BC-ചെലവ് വിവരങ്ങൾ ലഭ്യമാക്കിയില്ല, KAICO-യ്ക്ക് ക്യാഷ് കൈമാറിയതായി വാക്കാൽ അറിയിച്ചു) |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ, വടവുകോട് പുത്തൻകുരിശ് |

പ്രൊജക്ടിന്റെ നിർവഹണത്തിൽ സർക്കാർ നിർദേശങ്ങൾക്കു വിരുദ്ധമായി തുക ചെലവഴിച്ചതായാണ് കാണുന്നത്. വിവരങ്ങൾ ചേർക്കുന്നു. മേൽ പദ്ധതിക്കായി വാങ്ങിയ ചട്ടികളുടെ ഇൻവോയ്സ് പ്രകാരം (നം.E-421/22-23/17.02.2023, Kerala Agro Industries Corporation LTD. Athani) 3,75,000/- രൂപയുടെ വാങ്ങൽ ആണ് നടത്തിയിട്ടുള്ളത്. പദ്ധതി മാർഗ്ഗരേഖ സ.ഉ. കൈ നം. 115/2022/തസ്വഭവ തീയതി 28.05.22പ്രകാരം( 6.1 കൃഷി ) ഈ പദ്ധതിക്കായി നൽകാവുന്ന സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി എന്നത് ചെലവിന്റെ 75% ആണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/28.10.23) മറുപടി ലഭ്യമാക്കിയില്ല.

| ചെലവ് തുക | അനുവദിക്കാവുന്ന പരമാവധി സബ്സിഡി (75%) | അധികം ചെലവഴിച്ചത് | ഗുണഭോക്തൃവിഹിതം സമാഹരിക്കേണ്ടത് | ഗുണഭോക്തൃവിഹിതം |
|---|---|---|---|---|
| 4,00,000/- | 281250 | 18750 + [വികസന ഫണ്ട് (ജനറൽ)] 1,00,000/- (BC) ആകെ 1,18,750 /- | 93,750/- | (സുലേഖ ചെലവ് പത്രിക പ്രകാരം 1,00,000/- രൂപ അടങ്കലും ചെലവും രേഖപ്പെടുത്തിയിട്ടുണ്ട്) രസീത് കളക്ഷൻ വിവരങ്ങളില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. ചെലവ് വിവരങ്ങളുടെ ബിൽ നം. ചെക്ക് നം. തീയതി എന്നിവ ലഭ്യമാക്കേണ്ടതാണ്. |

I. 1,18,750/- രൂപയുടെ അധിക ചെലവിന് വിശദീകരണം ലഭ്യമാക്കാത്തതിനാൽ 1,18,750/- രൂപയുടെ ചെലവ് തുക നിരാകരിക്കുന്നു.

II. 2022-23 വാർഷിക പദ്ധതിയിലെ യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കുന്നതിനായി 19.11.2022 ന് എറണാകുളം ജില്ലാകളക്ടറുടെ ചേമ്പറിൽ വച്ച് ചേർന്ന ജില്ലാതല വിദഗ്ധ സമിതി യോഗത്തിന്റെ നടപടിക്കുറിപ്പ് പ്രകാരം പുനർനിശ്ചയിച്ച തുക താഴെ ചേർക്കും പ്രകാരമാണ്.

| ഘടകം | നിലവിൽ നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റ് | പുനർ നിശ്ചയിച്ച തുക |
|---|---|---|
| 5b. പോട്ടിംഗ് മിശ്രിതം നിറച്ച മൺചട്ടി( സൈസ്-10-12 ഇഞ്ച്) പച്ചക്കറി തൈ, ട്രാൻസ്പോർട്ടേഷൻ ചെലവ് എന്നിവ ഉൾപ്പെടെ) | 150-160 | 10- ഇഞ്ച് 170 രൂപ<br>12- ഇഞ്ച് 200 രൂപ( 170-200) |

ഇത് സംബന്ധിച്ച് താഴെ ചേർക്കുന്നവയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ താല്പര്യപ്പെടുന്നു.

A. പദ്ധതിക്കായി വാങ്ങിയ ചട്ടികളുടെ ഇൻവോയ്സിൽ (നം.E-421/22-23/17.02.2023, Kerala Agro Industries Corporation LTD. Athani)ചട്ടികളുടെ അളവ് രേഖപ്പെടുത്താതെ 3000 X 125 = 3,75,000/- എന്ന നിരക്കിലാണ് തുക കണക്കാക്കിയിട്ടുള്ളത്.
ഇൻവോയ്സിൽ രേഖപ്പെടുത്തിയിരിക്കുന്ന HSN/SAC 8201 എന്നത് ഏത് അളവിലുള്ള മൺചട്ടിയാണെന്നത് വ്യക്തമല്ല. ആയതിനാൽ അളവ് പ്രകാരം അർഹമായ തുകയാണോ ചെലവഴിച്ചിരിക്കുന്നതെന്ന് അറിയുവാൻ കഴിയുന്നില്ല. ആയത് വ്യക്തമാക്കാതെ തുക ചെലവഴിച്ചിച്ചുണ്ട്.

B. പ്രൊജക്ട് രൂപീകരണ ഫോറം 1 ൽ ഇതിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും രേഖപ്പെടുത്തിയിരിക്കുന്നതിൽ ഒരു കുടുംബത്തിന് പരമാവധി 25 മൺചട്ടി എന്ന നിരക്കിൽ 10 ഇഞ്ച് വലിപ്പം വരുന്നത് വിതരണം ചെയ്യുന്നതിനുള്ള പദ്ധതി എന്നാണ്. വാങ്ങിയ ചട്ടികളുടെ ഇൻവോയ്സിൽ വലിപ്പം രേഖപ്പെടുത്തിയിട്ടില്ല.

C. ഗുണഭോക്തൃ വിഹിതം സമാഹരിക്കാതെ പദ്ധതി നടപ്പിലാക്കി, ആധികാരികത ഇല്ലാതെ ( ഗ്രാമ പഞ്ചായത്തിന്റെ രസീത് പ്രകാരമല്ലാതെ) തുക സമാഹരിച്ചു.

D. 3,75,000/- വാങ്ങലിന് 4,00,000/-രൂപ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട് . 25000/- രൂപ അധികം നൽകി.

E. ഇൻവോയ്സ് പ്രകാരമുള്ള വാങ്ങലിന്റെ സ്റ്റോക്ക് വിവരങ്ങൾ ചേർക്കാതെയാണ് വിതരണ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ ഇതിന്റെ കൃത്യത പരിശോധിക്കുവാൻ സാധിക്കുന്നില്ല. എത്ര യൂണിറ്റുകൾ വാങ്ങി എന്നും ആയവ ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ (ക്രമ നമ്പർ സഹിതം) ആർക്കൊക്കെ വിതരണം നടത്തി എന്നുമുള്ള വിവരങ്ങളും പ്രൊജക്ട് നമ്പറും ഉൾപ്പെടുത്തി വിതരണ രജിസ്റ്റർ

ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്. 158 പേരുകൾ രേഖപ്പെടുത്തിയതിൽ ഒരു യൂണിറ്റിൽ എത്ര എണ്ണം വീതം ഉൾപ്പെടുത്തി എന്നത് വ്യക്തമാക്കിയിട്ടില്ല.

F. ഗുണഭോക്തൃവിഹിതമായി എത്ര രൂപ വീതമാണ് കളക്ട് ചെയ്തിട്ടുള്ളതെന്നും ആയതിന്റെ ചെലവ് വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത്. | | |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ട് നമ്പരും പേരും | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 2,40,000 | 137/23-ലൈഫ് ഭവന നിർമ്മാണം(പട്ടിക ജാതി)<br><br>54/22-ലൈഫ് പദ്ധതി മൂന്നാം ഘട്ടം സ്ഥലം വാങ്ങൽ-ജനറൽ | 2,40,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1,00,000 | 136/23-ലൈഫ് ഭവന നിർമ്മാണം | 100000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 20,000 | 37/23-ലൈഫ് ഭവന നിർമ്മാണം പട്ടിക വർഗ്ഗം | 20,000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 877412 | 136/23 അമൃത കുടീരം ഭവന നിർമ്മാണം | 877412 | |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 73981 | 124/23-ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 73981 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1,00,000 | 272/23-സെപ്റ്റിക് ടാങ്ക് സ്ഥാപിക്കൽ | 1,00,000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1,00,000 | 323/23-അതി ധരിദ്രർക്ക് വീട് മെയിന്റനൻസ് | 1,00,000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 3,30,000 | 210/22-ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ,ബത്ത നൽകൽ | 3,30,000 | 0 |
| ആകെ | | 18,41,393 | | 18,41,393 | |
| ജില്ല പഞ്ചായത്ത് | 2022-23 | 7,98,684 | 195/23-പട്ടികജാതി വിദ്ധ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 7,98,684 | 0 |
| ജില്ല പഞ്ചായത്ത് | 2022-23 | 40,000 | 36/23-ലൈഫ് ഭവന നിർമ്മാണം(പട്ടിക ജാതി) | 40,000 | 0 |
| ജില്ല പഞ്ചായത്ത് | 2022-23 | 1,10,000 | 210/23-ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് | 1,10,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സ്കോളർഷിപ്പ് നൽകൽ,ബത്ത നൽകൽ | | |
| ജില്ല പഞ്ചായത്ത് | 2022-23 | 25,000 | 249/23 പോത്തുകുട്ടി വിതരണം | 25,000 | |
| ആകെ | | 9,73,684 | | 9,73,684 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രൊജക്ട് നമ്പരും പ്രവൃത്തിയുടെ പേരും | ബിൽ നമ്പർ/വൗച്ചർ നമ്പർ/തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | 10/23-അമൃതകുടീരം വാട്ടർലൈൻ എക്സ്റ്റൻഷൻ ബാലൻസ് വിഹിതം | 42200903 | ₹260958 | ₹260958 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല. |
| വാട്ടർ അതോറിറ്റി | 9/23-വാട്ടർ ലൈൻ എക്സ്റ്റൻഷൻ | 422012239 | ₹65500 | ₹65500 | " |
| വാട്ടർ അതോറിറ്റി | 9/23-വാട്ടർ ലൈൻ എക്സ്റ്റൻഷൻ | 422012252 | ₹634500 | ₹634500 | " |
| കെ.എസ്.ഇ.ബി | 335/23-അമൃതകുടീരം സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 42201352 | ₹420906 | ₹420906 | " |
| കെ.എസ്.ഇ.ബി | 231/23 പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 42201637 | ₹74308 | ₹74308 | " |
| കെ.എസ്.ഇ.ബി | 342/23- സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 42201638 | ₹309750 | ₹309750 | " |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 61/23-മോട്ടോർ സ്ഥാപിക്കൽ ബോർവെൽ | 42200301 | 2,50,000 | ₹2,50,000 | " |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 61/23-മോട്ടോർ സ്ഥാപിക്കൽ- ബോർവെൽ | 42200394 | ₹13000/- | ₹13000/- | " |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക (തൻ വർഷത്തെ വരവ്) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ്-KURDFC ലോൺ | 1,88,00,000 | 1,34,32,000 | 23,05,473 | 0 | 1,11,26,527 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2,39,66,531 |
| തൻവർഷം നിക്ഷേപിച്ച തുക(പലിശ) | 13,50,937 |
| ആകെ | 2,53,17,468 |
| തൻവർഷം പിൻവലിച്ച തുക | --- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 2,53,17,468 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ ചേർക്കുന്നു

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര്(ബാങ്ക്/ട്രഷറി/പോസ്റ്റോഫീസ്) | എഫ്.ഡി.രസീത് നമ്പർ | നിക്ഷേപിച്ച തുക |
|---|---|---|---|
| 1 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പുത്തൻകുരിശ് | 338803030243407 | 83,62,013 |

| | | | |
|---|---|---|---|
| 2 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പുത്തൻകുരിശ് | 338803030243406 | 83,62,006 |
| 3 | സംസ്ഥാന സഹകരണ ബാങ്ക്(കേരള ബാങ്ക്) ചൂണ്ടി ശാഖ | 140418802200015 | 7,14,900 |
| 4 | വടവുകോട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് | 33046 | 78,78,549 |
| | | ആകെ | 2,53,17,468 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാംവകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് | | സമാഹൃത റിപ്പോർട്ട് | | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| വർഷം | ഖണ്ഡിക | വർഷം | ഖണ്ഡിക | | |
| 2000-2001 | 3(a) | 2004-05 | 3.7.1.2.2(1) | വീടുള്ളവർക്ക് വീട് നൽകി യതിലെ തടസ്സം | റവന്യൂ റിക്കവറി പ്രകാരം തുക ഈടാക്കിയതായി അറിയിച്ചിട്ടുണ്ട് |
| 2000-2001 | 3(b) | 2004-05 | 3.7.1.2.2(2) | റെജിമോൻ ചക്കരേടത്ത്, കരിമുകൾ - തടസ്സം | റവന്യൂറിക്കവറി പ്രകാരം തുക ഈടാക്കിവരുന്നു. |
| 2013-14 & 14-15 | 2-2 | 2016-17 | അനുബന്ധം 4 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 1. മാവേലി സ്റ്റോറിന്റെ തൊഴിൽ നികുതി 5000/- രൂപ 15/6/2016 ലെ രസീത് നം. 1160210553 പ്രകാരം ഈടാക്കിയെന്നറിയിച്ചിട്ടുണ്ട്.<br>2. മാവേലി സ്റ്റോർ കരിമുകൾ- നികുതി ഈടാക്കുവാൻ കഴിയുകയില്ല എന്നറിയിച്ചിട്ടുണ്ട്.<br>3. തുക ഈടാക്കി യിട്ടില്ല.<br>4. ബിവറേജസ് കോർപ്പറേഷന്റെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്<br>5. തുക ഈടാക്കി യിട്ടില്ല. |
| 2015-16 | 2-4 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി 2690 രൂപ ഈടാക്കണം | തുക 2690 രൂപ പിരിച്ചെടുത്തിട്ടുണ്ട്. |
| 2015-16 | 2-8 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി സ്ഥാപന ങ്ങൾക്ക് നോട്ടീസ് നൽകിയില്ല | പരാമർശത്തിലെ 56 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയതിൽ 37 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയെന്നറിയിച്ചിട്ടുണ്ട്. മറ്റു സ്ഥാപനങ്ങളിൽ ഓരോ അർദ്ധ വർഷത്തിലും 60 ദിവസത്തിൽ കൂടുതൽ തൊഴിലെടുക്കുന്നവർ ഇല്ല എന്ന് സ്ഥാപന ത്തിന് ബോധ്യപ്പെട്ടതായിഅറിയിച്ചു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ചാർജ്ജ്/സർചാർജ് സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ.

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദി യായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാ ക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാ ക്കിയ തുക (തീയതി) | കോടതി വ്യവഹാര ങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേ ഷിക്കുന്ന തുക/ ബാധ്യത |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾ പ്പെട്ട തുക | ഈടാ ക്കിയ തുക | | |

| | | | വകുപ്പ് | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 | 1996-97 | 25<br>26 എ<br>26 ബി<br>27 | പി.കെ. ശിവൻ | LF18883/ Spl. Cell/ SC2/ 04, 19.09.04 (ചാർജ്) | 107<br>1225<br>758<br>91<br>------<br>2181 | ₹ 1557/- (8/82969 Dt 31.03.00, 62/82919 Dt 31.03.00) | - | - | - | 1557 | 624 |
| 2 | 1999-00 | 43(1) | പി.എൻ. രാജമ്മ | LF3510/ Spl Cell/ CSC3/06, 01.02.08 | 10000 | | | | | | 10000 |
| 3 | 2004-05 | 3-4(എ)<br>3-4(ബി)<br>3-4(സി)<br>3-4(ഡി) | ബി.സി. രാധാകൃഷ്ണൻ | LF2723/ CS3/ 10, 27.03.10 | 9614 | | | | | | 9614 |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹10,08,10,908/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹10,54,89,019/- |
| വരവിനങ്ങളിലുള്ള നഷ്ടം | 0/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹1,22,750/- |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | ₹40,51,815/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം.

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | | ₹4000.00 | ശ്രീ ബിജു ബേബി, അസിസ്റ്റന്റ് സെക്രട്ടറി |
| 3-2 | | ₹1,18,750 | ശ്രീ.മനോജ് ജോസഫ്, കൃഷി ഓഫീസർ |
| ആകെ | | ₹1,22,750.00 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | ₹169361.00 | ഡോ. വിനോദ് പൗലോസ്, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. |
| 1-26 | ₹6000.00 | ഡോ. വിനോദ് പൗലോസ്, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |
| 1-28 | ₹1,42,900 | ശ്രീമതി നിഷ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| | ₹1,45,310 | ശ്രീമതി സോബി തോമസ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-30 | ₹3,95,000 | ശ്രീമതി സോബി തോമസ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-33 | ₹5,28,962 | ശ്രീ. പി.എൻ.പ്രസാദ്, സെക്രട്ടറി |
| 1-34 | ₹5,50,000 | ശ്രീമതി നക്ഷത്രവല്ലി, ഹെഡ്മിസ്ട്രസ് |
| 1-38 | ₹34,500 | ശ്രീ ബിജു ബേബി, അസിസ്റ്റന്റ് സെക്രട്ടറി |
| 1-40 | ₹50,000 | ശ്രീ ബിജു ബേബി, അസിസ്റ്റന്റ് സെക്രട്ടറി |
| 1-41 | ₹20,29,782 | ശ്രീ. പി.എൻ.പ്രസാദ്, സെക്രട്ടറി |
| ആകെ | ₹40,51,815 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക (ജി.എസ്.ടി) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | സ്ഥിരമായ മേൽവിലാസം |
|---|---|---|---|
| | | ഇല്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | ശ്രീമതി നിഷ മേനോൻ കെ.<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ<br>വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് | 14F, മെർക്കുറി ട്രിനിറ്റി വേൾഡ് CSEZ, കാക്കനാട് |
| 2 | ശ്രീമതി സോബി തോമസ്<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ<br>കുന്നത്തുനാട് ഗ്രാമപഞ്ചായത്ത് | താന്നിക്കാട്ട് ഹൗസ്,<br>വടവുകോട് (പി.ഒ.) – 682310 |
| 3 | ശ്രീ.മനോജ് ജോസഫ്<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ,<br>വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് | കൊല്ലാക്കൽ,വാരപ്പെട്ടി.പി.ഒ<br>മുവാറ്റുപുഴ, എറണാകുളം |
| 4 | ശ്രീ. പി.എൻ.പ്രസാദ്,<br>സെക്രട്ടറി | സെക്രട്ടറി,<br>വടവുകോട്<br>പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് | പുത്തൻവീട്ടിൽ, തെങ്ങോട് |
| 5 | ഡോ. വിനോദ് പൗലോസ്<br>മെഡിക്കൽ ഓഫീസർ,<br>എഫ്.എച്ച്.സി | മെഡിക്കൽ ഓഫീസർ,<br>എഫ്.എച്ച്.സി, പുത്തൻകുരിശ് | 7F-മേത്തർ ബെറിവുഡ് അപ്പാർട്ട്മെന്റ്സ്,<br>ചെമ്പ്മുക്ക്,കാക്കനാട് |
| 6 | ശ്രീ ബിജു ബേബി<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി<br>കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് | നെല്ലാട്ട് വീട്<br>പൂത്തൃക്ക പി ഒ |
| 7 | ശ്രീമതി നക്ഷത്രവല്ലി<br>ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്<br>GUPS തൃക്കാക്കര | ശ്രീശൈലം<br>ചോറ്റാനിക്കര പി ഒ<br>പിൻ-682312 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.ഇ.(പി.1) 158/98/ 13.11.1998 | 2 |
| 1997-98 | എൽ.എഫ്.ഇ.(പി.1) 1049/98/ 02.07.1999 | 3 |
| 1998-99 | എൽ.എഫ്.ഇ.(പി.1) 1352/00/ 16.07.2001 | 9 |
| 1999-00 | എൽ.എഫ്.ഇ.(പി.1) 871/01/ 05.11.2001 | 14 |
| 2000-01 | എൽ.എഫ്.ഇ.(പി.1) 726/05/ 03.07.2006 | 4 |
| 2000-01 | എൽ.എഫ്.ഇ.(പി.1) 1459/03/ 20.04.2004 (പ്ലാൻ) | 5 |
| 2001-02 | എൽ.എഫ്.ഇ.(പി.1) 1459/03/ 20.04.2004 (പ്ലാൻ) | 6 |
| 2001-02 | എൽ.എഫ്.ഇ.(പി.1) 727/05/ 06.07.2006 | 1 |
| 2002-03 | എൽ.എഫ്.ഇ.(പി.1)97/2007/ 18.10.2007 | 11 |
| 2003-04 | എൽ.എഫ്.ഇ.(പി.1) 1014/07/ 08.07.2007 | 4 |
| 2004-05 | എൽ.എഫ്.ഇ.(പി.1) 570/09/ 10.07.09 | 3 |
| 2005-06 | എൽ.എഫ്.ഇ.(പി.1) 535/09/ 12.12.12 | 3 |
| 2006-07 | എൽ.എഫ്.ഇ.(പി.1) 588/10/ 25.10.2011 | 1 |
| 2007-08 | എൽ.എഫ്.ഇ.(പി.1) 815/10/ 25.10.2011 | 14 |
| 2008-09, | എൽ.എഫ്.ഇ.(പി.1) 1634/12/ 12.12.12 | 7 |

| | | |
|---|---|---|
| 2009-10, 2010-11 | | |
| 2011-12 | എൽ.എഫ്.ഇ.(പി.1) 12/2014/ 12.02.14 | തീർപ്പാക്കി |
| 2012-13 | എൽ.എഫ്.ഇ.(പി.1) 272/15/06.03.2015 | 3 |
| 2013-14, 2014-15 | കെ.എസ്.എ.ഇ.കെ.എം. (പി.1) 239/16/12.02.2016 | 4 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം. (പി.1) 2050/16/ 15.12.2016 | 5 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം. (പി.1) 1836/17/7.12.2017 | 5 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം. (പി.1) 2025/18, 30.10.2018/17.12.2018 | 16 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം. (പി.1) 01/20, 01.02.2020 | 44 |
| 2019-20 | കെ.എസ്.എ.ഇ.കെ.എം. (പി.1) 488/21, 30.03.2021 | 48 |
| 2020-21 | കെ.എസ്.എ.ഇ.കെ.എം. (പി.1) 929/22, 08.08.2022 | 30 |
| 2021-22 | കെ.എസ്.എ.ഇ.കെ.എം. (പി.1) 251/22, 11.4.2023 | 22 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 07-07-2023 and submitted on 13-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Vadavucode Puthencruz Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Vadavucode Puthencruz Grama Panchayat for the year 2022-2023

Date: 13/12/2023

Deputy Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Vadavucode Puthencruz Grama Panchayat for the Year 2022-2023 .

**1.Major Observations**

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.

2. Lack of Panchayath Raj Budget rules adversely affecting budgetary control system.

3. The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

4. Non inclusion of Notes to Accounts in Financial statements and non disclosure of material facts.

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit. Ratios and Notes on Accounts.

2. Cash Flow statement -Net increase/decrease in cash flow does not match with difference between opening

balance and closing balance of cash and cash equivalents.

3. LIFE state share expenditure differs in AFS and SULEKHA expenditure statement.

4. Bank account No.338801010037237-UBI has balance of Rs.94,00,000/- towards Amritakuteeram housing loan but this amount is not utilised for the project.

5. CSR fund opening balance, receipts, expenditure and closing balance are not accurate in the annual financial statements.

6. Rs. 16,00,000/- received as CSR fund is wrongly booked in 320200307 in the annual financial statement.

7. Demand and balance of property tax does not match with the DCB statement.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ വടവുക്കോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്